മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 33 THE ONLINE OFFICIAL NEWS BULLETIN 2025 August 15

SEASON OF TRANSFIGURATION | തേജസ്കരണകാലം | ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
17 1[st] Sunday after Shunoyo 1	18 5	19 ✝Comme. of Apostle Mar Labi 34[th] Mem. of Joseph Mar Pachomios ✠ (Mulakkulam, Karmelkunnu) 1	20 Comme. of Prophet Samuel 2[nd] Mem. of Zachariah MarAnthonios ✠ (Mount Horeb Sasthamkotta) 5	21 1	22 Comme. Of Beth Hananiah (Hananiah, Azariah, Mishael) 5	23 1



കാതോലിക്കാ നിധി ശേഖരണത്തിന്റെ 90-ാം വാർഷികത്തിൽ പരിശുദ്ധ സഭ

കോട്ടയം: മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം കാത്തുസൂക്ഷിക്കുക എന്ന ഉത്തരവാദിത്തം ഓരോ സഭാ മക്കൾക്കുമുണ്ടെന്ന് പ. കാതോലിക്കാ ബാവാ പറഞ്ഞു. 'വിഷൻ 2052' മാർത്തോമ്മാ ശ്ലീഹായുടെ ആഗമനത്തിന്റെ 2000-ാം വാർഷികം വിപുലമായ പദ്ധതികളോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. കൊടുങ്ങല്ലൂരിൽ മാർത്തോമ്മൻ സ്മൃതി മണ്ഡപം നിർമ്മാണത്തിന് തുടക്കം കുറിച്ചു. 1935 മെയ് 2-നു ആരംഭിച്ച കാതോലിക്കാ നിധിശേഖരണം നവതി വർഷത്തിൽ എത്തി നിൽക്കുമ്പോൾ 'വിഷൻ 2052' എന്ന സ്വപ്നത്തിന് കൂടുതൽ ഊർജം നൽകുമെന്നും കോട്ടയം ഭദ്രാസന കാതോലിക്കാ നിധിശേഖരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച യോഗത്തിൽ പ. പിതാവ് പറഞ്ഞു.

കാതോലിക്കേറ്റിനോടുള്ള സ്നേഹത്തിന്റെ പ്രതീകമാണ് കാതോലിക്കാ നിധി ശേഖരണം. ഓരോ വിശ്വാസിയുടെയും അവകാശമാണ് അതെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ സാധിക്കണമെന്നും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി.ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് പറഞ്ഞു. സഭയുടെ ഫിനാൻസ് കമ്മിറ്റി പ്രസിഡന്റ് അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർ?ഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ. കെ.എം സഖറിയ, കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് ജോർജ്, ഫാ. മാത്യു വർഗീസ് എന്നിവർ സംസാരിച്ചു.

ഒരു ജീവനും ഇനി പൊലിയരുത്

ചാത്തമറ്റം: റോഡ് വീതികൂട്ടാൻ സ്ഥലം സൗജന്യമായി വിട്ടുനൽകി മാതൃക തീർത്ത് ചാത്തമറ്റം കർമ്മേൽ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളി. നാടിന്റെ പ്രധാനപ്രശ്നങ്ങളിലൊന്നായ റോഡ് അപകടത്തിന് പരിഹാരം കാണുകയാണ് മലങ്കരസഭയുടെ ദൈവാലയം. ദേവാലയത്തിന്റ ഉടമസ്ഥതയിൽ ഉള്ള ഭൂമി, തൊടുപുഴ-മൂന്നാർ സംസ്ഥാനപാതയ്ക്ക് വേണ്ടി വീതി കൂട്ടി, വളവ് നിവർത്തി, റോഡ് അപകടം കുറക്കുന്നതിനായി സൗജന്യമായി ഇടവക വിട്ട് നൽകി.

തിരുത്തണം, കേരളത്തെ മദ്യത്തിൽ മുക്കരുത്

'കേരളത്തെ മദ്യവിമുക്തമാക്കാൻ പ്രതിജ്ഞാബദ്ധരാണ് എൽ.ഡി.എഫ് സർക്കാർ', 'എൽ.ഡി.എഫ് വന്നാൽ മദ്യവർജ്ജനത്തിനായി ജനകീയ പ്രസ്ഥാനം ആരംഭിക്കും', 'ഞങ്ങൾ തുറക്കുന്നത് നിങ്ങൾ പൂട്ടിയ ബാറുകളല്ല സ്ക്കൂളുകളാണ്'. പരസ്യവാചകങ്ങൾക്ക് കേവലം വിപണി താൽപ്പര്യങ്ങൾ മാത്രമേയുള്ളൂ എന്നതിന് ഏറ്റവും മികച്ച ഉദാഹരണമാണ് മുകളിൽ ചൂണ്ടിക്കാട്ടിയിരിക്കുന്ന നയവാചകങ്ങൾ. ഒന്നാം പിണറായി സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്ത് കേവലം 29 ബാറുകൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അവയുടെ എണ്ണം ആയിരത്തോട് അടുക്കുന്നു. മദ്യനയം എന്നത് ജലരേഖയായി മാറുന്നത് ദൈനംദിന വാർത്തകളിലൂടെ മലയാളി കണ്ടുകൊണ്ടിരിക്കുന്നു.

വിശപ്പിന് അരിവാങ്ങാൻ റേഷൻകടയിൽ പോയി വിരൽ പതിക്കണം. അതേസമയം മദ്യം വീട്ടുപടിക്കൽ എത്തിച്ച് തരും. ജോലികഴിഞ്ഞ് മദ്യപിച്ചെത്തുന്ന ഗൃഹനാഥനെ പേടിച്ച് കഴിഞ്ഞിരുന്ന വീടുകളിൽ ഇനി മുതൽ മദ്യപർക്ക് രാവിലെ മുതൽ കുടിച്ച് കുടുംബം തകർക്കാം. ആരോഗ്യത്തിന് ഹാനികരമായ ഒരു വസ്തുവിനെ ഇത്രയും ലളിതവൽക്കരിച്ച് വീടുകളിലേക്ക് ആനയിക്കാൻ സർക്കാർ കൂട്ടുനിൽക്കുന്നത് ഒട്ടും ഭൂഷണമല്ല. സർക്കാരിന്റെ മദ്യനയം വികലമാണെന്ന് പ്രധാനഘടക കക്ഷിയായ സി.പി.ഐ തന്നെ കുറ്റപ്പെടുത്തിക്കഴിഞ്ഞു. ഈ നയം കുടുംബാന്തരീക്ഷത്തെ അപകടത്തിലാക്കും. തിരുത്തണം... വീട്ടകങ്ങളിൽ ഭയന്നുകഴിയേണ്ടിവരുന്ന കുഞ്ഞുങ്ങളെയും, വീട്ടമ്മമാരെയും ഓർത്ത് തിരുത്തണം...

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ




വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും, പരിശുദ്ധ അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ 110-ാമത് ഓർമ്മയും കാതോലിക്കേറ്റ് അരമനയിൽ ആചരിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1960)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



28-11-1960. കാതോലിക്കേറ്റ് അരമന. കൊടശ്ശനാട്ടുകാരൻ ഗീവർഗീസ് ശെമ്മാശൻ ഇന്ന് വീട്ടിൽ നിന്നും വന്നു. എം.ഡി. യിൽ നിന്നും മാത്യു (ഹെഡ്മാസ്റ്റർ) അവിടുത്തെ (സ്കൂളിലെ) ലോഗ് ബുക്കു (ഡയറി) മായി വന്നു. ഈ ബുക്കുകളിൽ നിന്നുമാണ് മിനിട്ട്സ് എഴുതിയതെന്നു പറഞ്ഞു. നാം പറഞ്ഞതനുസരിച്ച് ബുക്കുകൾ ഇവിടെ വച്ചിട്ട് മാത്യു പോയി. ബുക്കുകൾ നാം പരിശോധിച്ചതിൽ അത് സ്കൂളിന്റെ മിനിറ്റ്സ് ബുക്കല്ലെന്നും വെറും ഡയറി ആണെന്നും മനസ്സിലായി. വേറെ മിനിറ്റ്സ് ബുക്ക് ഉണ്ടോ എന്ന് ഒന്നു കൂടി ചോദിക്കുന്നതിന് സഖറിയാ ശെമ്മാശനെ നാം പറഞ്ഞയച്ചു. എന്നിട്ടും മിനിറ്റ്സ് ബുക്ക് ഇല്ലെന്നും ഈ ഡയറി മാത്രമേ ഉള്ളൂ എന്നും മാത്യു പറഞ്ഞയച്ചു. ഒരു സ്കൂളിന്റെ ഗവേണിംഗ് ബോഡിക്ക് മിനിറ്റ്സ് ഇല്ലെന്നു പറയുന്നത് വിശ്വസിക്കാൻ പ്രയാസമായി നമുക്കു തോന്നി.

29-11-1960. കാതോലിക്കേറ്റ് അരമന. മണലിൽ യാക്കോബ് കത്തനാർ ഇവിടെ വന്നു. അയാൾ വടക്കുള്ള ഇടവകകളെ സംബന്ധിച്ചുള്ള വിവരങ്ങൾ നമ്മെ അറിയിച്ചു. കൊച്ചി ഇടവകയുടെ സേവേറിയോസ് മെത്രാച്ചൻ പണപിരിവിനായി അയാളുടെ ഇടവകയിൽ രണ്ടു മൂന്നു ദിവസം താമസിച്ചുയെന്നും, ഏകദേശം 200 രൂപായോളം പിരിച്ചു കൊടുത്തുയെന്നും അയാൾ നമ്മോടു പറഞ്ഞു.

30-11-1960. കാതോലിക്കേറ്റ് അരമന. ഓഫീസിൽ പി. എൻ. നൈനാൻ ഇന്ന് വന്നിട്ടില്ലായിരുന്നു. ജോർജും ക്ലേറിയും പതിവുപോലെ ഓഫീസിൽ വന്നിട്ടുണ്ടായിരുന്നു. കുറിച്ചിയിൽ നിന്നു വേണാട്ടുകളത്തിലെ ചാക്കോച്ചൻ വന്നിട്ടുണ്ടായിരുന്നു. അവൻ ഉച്ചയ്ക്കു ശേഷം തിരികെ പോയി. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

1-12-1960. കാതോലിക്കേറ്റ് അരമന. ആഫീസിൽ നൈനാനും ക്ലേറിയും ജോർജും പതിവുപോലെ ഉണ്ടായിരുന്നു. ശരീരത്തിന് നല്ല സുഖം ഇന്നില്ലായിരുന്നു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ലായിരുന്നു.

2-12-1960. കാതോലിക്കേറ്റ് അരമന. കുടശ്ശനാട്ടുകാരൻ നമ്മുടെ വാല്യക്കാരൻ ശമുവേലിന്റെ അപ്പൻ വന്നു നമ്മെ കണ്ടു. അയാൾ പോയപ്പോൾ നാം അയാൾക്ക് 10 രൂപ സംഭാവന കൊടുത്തു. മോഡേൺ അവറാച്ചി വന്നു നമ്മെ കണ്ടു. കെട്ടിടങ്ങളുടെ വാടക ഇനത്തിൽ 100 രൂപ അവൻ തന്നു. കുറെനേരം അവൻ നമ്മോടു സംസാരിച്ചു. പാമ്പാടി മെത്രാച്ചന്റെ കാര്യങ്ങൾ അവൻ ഇപ്പോഴും താല്പര്യപൂർവ്വം അന്വേഷിക്കുന്നുണ്ടെന്നു അവൻ നമ്മോടു പറഞ്ഞു. 5 മണിയോടു കൂടി അവൻ തിരികെ പോയി. നമ്മുടെ കാറിൽ മാനേജർ കത്തനാരും, സഖറിയാ ശെമ്മാശനും കൂടി പഴയസെമിനാരിയിൽ പോയി. അവർ 5 മണിക്കു മുമ്പ് തിരികെ വന്നു. രാത്രിയിൽ വള്ളക്കാലിൽ ഇട്ടിച്ചെറിയയുടെ മകൻ ഡോക്ടർ ഇട്ടിച്ചെറിയാ കെ. എം. ചെറിയാന്റെ (ജൂണിയർ) കൂടെ ഇവിടെ വന്നു നമ്മെ കണ്ടു. അവൻ മാങ്ങാനം ആശ്രമം ആശുപത്രിയിലെ ഒരു ഡോക്ടർ ആണ്. കുറെനേരം അവൻ നമ്മോടു സംസാരിച്ചശേഷം തിരികെ പോയി. കെ. എം. ചെറിയാൻ ഇപ്പോഴത്തെ കുർബ്ബാനക്രമത്തിലെ ചില പദങ്ങളുടെ മാറ്റങ്ങളെക്കുറിച്ച് സംസാരിച്ചു. അവൻ രാത്രിയിൽ 8 മണിയോടു കൂടി തിരികെ പോയി.

3-12-1960. കാതോലിക്കേറ്റ് അരമന. ഇന്ന് ചെറിയപള്ളി വികാരി ഗബ്രിയേൽ കത്തനാർ വന്നു നമ്മെ കണ്ടു. ചെറിയപള്ളി സംബന്ധമായ ചില കാര്യങ്ങൾ അയാൾ നമ്മെ അറിയിച്ചു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

4-12-1960. കാതോലിക്കേറ്റ് അരമന. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. 11 മണിക്ക് കുർബ്ബാന കഴിഞ്ഞ് നാം നമ്മുടെ മുറിയിൽ വന്നു. ഉച്ചയ്ക്കുശേഷം 3 മണിക്ക് മാനേജർ റ്റി. സി. ജേക്കബ് കത്തനാരുടെ അദ്ധ്യക്ഷതയിൽ നമ്മുടെ അരമന പണിയുടെ കമ്മിറ്റിയോഗം കൂടി. അതിനെക്കുറിച്ച് അവർ വേണ്ട തീരുമാനങ്ങൾ ചെയ്തു. പ്ലാൻ സിറിയക്കിനെക്കൊണ്ട് അവസാനരൂപം നൽകുന്നതിന് വീണ്ടും കൊടുത്തയച്ചു. അതിനുശേഷം പി. ടി. ഐ. യുടെ പ്രസിഡണ്ടായി ശ്രീ കെ. എം. ചെറിയാനെ തിരഞ്ഞെടുക്കുന്നതിൽ കമ്മിറ്റിക്കുള്ള സന്തോഷം രേഖപ്പെടുത്തുന്നതിന് നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് തുടർന്നു. സി. വി. ടൈറ്റസ് പ്രസംഗിച്ചു. മാതാപിതാക്കന്മാരുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് ഉണ്ണൂണ്ണി ഇത്രയും ഉയരുവാൻ സാധിച്ചതെന്നു നാം പറഞ്ഞു. ഉണ്ണൂണ്ണിയുടെ മറുപടി പ്രസംഗത്തിനു ശേഷം പ്രാർത്ഥനയോടു കൂടി യോഗം അവസാനിച്ചു. കോനാട്ട് ഏബ്രഹാം കത്തനാർ ഇന്ന് ഇവിടെ വന്ന് ആണ്ടുതക്സാ പുതുതായി അച്ചടിച്ചതിന്റെ ഒരു കോപ്പി നമുക്ക് തന്നു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

5-12-1960. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഇന്നിവിടെ വന്നു. സ്കൂൾ സംബന്ധമായ ചില കാര്യങ്ങൾ ആലോചിക്കുന്നതിനാണ് അദ്ദേഹം ഇവിടെ വന്നത്. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല. ജ്ഞാനശിഖാമണി കത്തനാർ ഇന്ന് ഇവിടെ വന്നിരുന്നു.

6-12-1960. കാതോലിക്കേറ്റ് അരമന. കുമരകത്തെ കോശി കത്തനാർ ഇന്ന് ഇവിടെ വന്നിരുന്നു. മാർ ഏലിയാ ചാപ്പലിൽ നിന്നും കെ. മത്തായി കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. യൽദോ പെരുന്നാളിന് നാം അവിടെ ശുശ്രൂഷ നടത്തണമെന്നു അയാൾ നമ്മോട് ആവശ്യപ്പെട്ടു. നാം വടക്കോട്ടു കർമ്മേൽ ദയറായിൽ പോയിട്ടു സുഖമുണ്ടെങ്കിൽ വരാമെന്നു അയാളോട് പറഞ്ഞു. അയാൾ സന്ധ്യയോടു കൂടി തിരികെ പോയി.

7-12-1960. മൂലേടത്തു നിന്നു ഇ. ജെ. ഏബ്രഹാം കത്തനാർ ഇന്ന് ഇവിടെ വന്നിരുന്നു. അയാൾ ഉടൻതന്നെ തിരികെ പോയി.

8-12-1960. കണ്ടനാട് നിന്നു മട്ടുമ്മേൽ ഇസാക്ക് കത്തനാരും കൂട്ടരും നമ്മെ വന്നു കണ്ടു. കണ്ടനാട് പള്ളിക്കേസിന്റെ കാര്യം നമ്മോടു പറഞ്ഞു. അവർ നാലു മണിയോടു കൂടി തിരികെ പോയി.

9-12-1960. മെഴുവേലി പള്ളി വികാരി ജോർജ് കത്തനാരും ട്രസ്റ്റിയും പള്ളി സെക്രട്ടറിയും കൂടെ നമ്മെ വന്നു കണ്ടു. ഈ മാസം മെഴുവേലി പള്ളിയുടെ ശതവർഷ ജൂബിലി കൊണ്ടാടുവാൻ പോകുകയാണെന്നും അതിന് നാം കൂടി ചെല്ലണമെന്നും അവർ നമ്മോട് ആവശ്യപ്പെട്ടു. ശരീരത്തിന് നല്ല സുഖമില്ലാത്തതുകൊണ്ട് അവിടെ വരുന്ന കാര്യം പ്രയാസമാണെന്ന് നാം അവരെ അറിയിച്ചു. അവർ നാലു മണിയോടു കൂടി തിരികെ പോയി.

10-12-1960. ഇന്ന് 11 മണിയോടു കൂടി കെ. ഫീലിപ്പോസ് കത്തനാർ സെമിനാരിയിൽ നിന്നും ഇവിടെ വന്നു. സെമിനാരി സംബന്ധമായ ചില കാര്യങ്ങൾ അയാൾ നമ്മോടു പറഞ്ഞു. അടുത്ത വർഷം പുതുതായി കുറെ വിദ്യാർത്ഥികളെ എടുക്കണമോ എന്നു നമ്മോടു ചോദിച്ചു. അടുത്ത വർഷവും ആരെയും എടുക്കണ്ടായെന്ന് നാം അയാളോടു പറഞ്ഞു. വഴിപറമ്പിലെ കത്തനാർ ഇന്നു ഇവിടെ വന്നിരുന്നു. അയാൾ നമ്മെ കാണാൻ വന്നതാണ്. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

11-12-1960. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാനമദ്ധ്യേ റ്റി. വി. ജോർജ് പ്രസംഗിച്ചു. മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

12-12- 1960. ഇന്നു രാവിലെ തിരുവല്ലായിൽ നിന്നു ദീവന്നാസ്യോസ് മെത്രാച്ചനും കോടിയാട്ടു അലക്സാണ്ടർ കത്തനാരും കൂടി വന്നു, കറ്റോട് പള്ളിക്കു കല്ലിടുന്ന കാര്യം പറഞ്ഞു. ജനുവരി 26, 27 തീയതികളിലാണ്. നമുക്ക് സുഖമുണ്ടെങ്കിൽ ചെല്ലാമെന്നു നാം പറഞ്ഞു. എം.ഡി. സെമിനാരിയുടെ റിട്ട് വാദത്തിന് നമുക്കു വേണ്ടി വാദിക്കുന്നതിന് എം. ഏബ്രഹാമിനെ ചുമതലപ്പെടുത്തി.

13-12-1960. പാറാട്ടെ മെത്രാച്ചൻ ഇന്ന് ഇവിടെ വന്നിരുന്നു. അദ്ദേഹം ഉച്ചതിരിഞ്ഞു പോയി. സ്കൂൾ സംബന്ധമായി ഏതോ ആലോചിക്കുന്നതിനാണ് വന്നിരുന്നത്. കുണ്ടറ നിന്നു എം. എം. ജേക്കബ് കത്തനാർ ഇവിടെ വന്നിരുന്നു.

14-12-1960. അത്താനാസ്യോസ് മെത്രാച്ചൻ ഇവിടെ വന്നിരുന്നു. വിദേശ ഇടവകകൾ സന്ദർശിക്കുവാൻ പോകുന്നു എന്നുള്ള കാര്യങ്ങൾ അറിയിക്കുവാൻ വന്നതാണ്. ഓതറ മന്ദിരം സ്കൂൾ മാനേജ്മെന്റ് കുര്യൻ കത്തനാരിൽ നിന്നു വാങ്ങിക്കണമെന്നു പറഞ്ഞു. ഉച്ചയ്ക്കുശേഷം റ്റി. ജെ. ജോഷ്വാ കത്തനാർ വന്ന് യൽദോ പെരുനാളിന് പേർഷ്യായിലേക്ക് പോകുകയാണെന്നുള്ള വിവരം അറിയിച്ചു.

15-12-1960. മണലിൽ യാക്കോബ് കത്തനാർ മാമ്മലശ്ശേരിക്കു പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

16-12-1960. 10 മണിയോടു കൂടി കർമ്മേൽ ദയറായിലേക്കു തിരിച്ചു. 11.30-നു അവിടെ എത്തി. നമ്മുടെ കാറിൽ മല്പാൻ എൻ. എ. യൂഹാനോൻ കത്തനാരുമുണ്ടായിരുന്നു. ഒസ്താത്തിയോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. ഉച്ചയ്ക്കു ശേഷം മണലിൽ യാക്കോബ് കത്തനാർ, മുളന്തുരുത്തി വലിയപള്ളിയിലെ വികാരിമാർ എല്ലാവരും നമ്മെ വന്നു കണ്ടു.

17-12-1960. രാവിലെ വി. കുർബ്ബാന ഒസ്താത്തിയോസ് മെത്രാച്ചൻ ചൊല്ലി. കുർബ്ബാനമദ്ധ്യേ മദ്ബഹായുടെ കല്ലിടീൽ നടത്തി. ഉച്ചയ്ക്കുശേഷം എം. ഏബ്രഹാം വന്നു നമ്മെ കണ്ടു. പാമ്പാക്കുട ചെറിയപള്ളിയുടെ പണി പൂർത്തിയാക്കുന്നതിന് പണസഹായം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പാമ്പാക്കുട നിന്നു ചിലർ നമ്മുടെ അടുക്കൽ വന്നു. പള്ളിയും വസ്തുവും സമുദായ വകയല്ലാത്തതുകൊണ്ട് അതിന് പണം കൊടുക്കുന്ന കാര്യം പ്രയാസമാണെന്ന് നാം അവരോടു പറഞ്ഞു. അവർ തിരികെ പോയി. നമ്മുടെ പെങ്ങളുടെ മകൻ മനയിടെ ബേബി ഇന്നു ഇവിടെ വന്നു നമ്മെ കാണുകയും നാളെ കുർബ്ബാനയ്ക്കു പള്ളിയിൽ വരുമെന്നു പറഞ്ഞ് തിരികെ പോയി. ആറു മണിക്ക് സന്ധ്യാനമസ്കാരത്തിനു ആരംഭിച്ചു. പള്ളികൂദാശയുടെ ക്രമം തുടങ്ങിയപ്പോൾ ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലായിൽ നിന്നു വന്നു. നേരത്തെ തന്നെ തെക്കുനിന്നു പീലക്സിനോസ് മെത്രാച്ചൻ കൂദാശയ്ക്കു വന്നിട്ടുണ്ടായിരുന്നു. 8 മണിക്ക് കൂദാശയുടെ ആദ്യ ഭാഗം തീർന്നു. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

18-12-1960. ദൈവാലയത്തിന്റെ കൂദാശയ്ക്കുശേഷം രാവിലെ നമ്മുടെ പ്രധാന കാർമ്മികത്വത്തിലും ദീവന്നാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകരണത്തിലും മൂന്നുമ്മേൽ കുർബ്ബാന അർപ്പിച്ചു. 11.30-നു കുർബ്ബാന തീർന്നു. ഇന്ന് 5 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കൂടി മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലേക്കു പോയി. ദീവന്നാസ്യോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും പ്രസംഗം കഴിഞ്ഞശേഷം രാത്രി 9 മണിക്ക് കർമ്മേലിലേക്കു തിരികെ വന്നു.

19-12-1960. രാവിലെ 8 മണിക്ക് മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലേക്കു പോയി. തുമ്പമൺ ഇടവകയുടെ പീലക്സിനോസ് മെത്രാച്ചൻ വി. കുർബ്ബാന ചൊല്ലിക്കൊണ്ടിരുന്ന അവസരത്തിലാണ് നാം മദ്ബഹായിലേക്കു കയറിച്ചെന്നത്. കുർബ്ബാനയ്ക്കുശേഷം നാം വടക്കുവശത്തുള്ള കബറിൽ ധൂപം വച്ചു. അതിനുശേഷം നാം എറണാകുളത്തേക്കു യാത്ര തിരിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മുടെ കൂടെ ഉണ്ടായിരുന്നു. എറണാകുളം യാത്രയിൽ പീലക്സിനോസ് മെത്രാച്ചനും നമ്മുടെ കൂടെ വന്നിരുന്നു. വഴിമദ്ധ്യേ തൃപ്പൂണിത്തുറ ഇറങ്ങി നമ്മുടെ പെങ്ങളുടെ ഭവനത്തിലേക്കു പോയി. മെത്രാച്ചന്മാർ കരിങ്ങാശ്ര പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. കുറെനേരം പെങ്ങളുടെ ഭവനത്തിൽ ഇരുന്നശേഷം നാമും കരിങ്ങാശ്ര പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. അതിനുശേഷം ഞങ്ങൾ എല്ലാവരുംകൂടി എറണാകുളം പള്ളിയിൽ പ്രവേശിച്ചു ലുത്തിനിയാ കഴിച്ചു. അവിടെ വിശ്രമിച്ചു. ഉച്ചഭക്ഷണത്തിനുശേഷം പീലക്സിനോസ് മെത്രാച്ചൻ മുളന്തുരുത്തി പള്ളിയിലേക്കു പോയി. അദ്ദേഹം ആ പള്ളിയിലെ പെരുന്നാൾ കഴിഞ്ഞതിനു ശേഷമേ തിരികെ പോകുകയുള്ളു എന്നു പറഞ്ഞു. നാമും ദീവന്നാസ്യോസ് മെത്രാച്ചനും കൂടി കൈയ്ക്കു നല്ല സുഖമില്ലാതെ മകന്റെ വീട്ടിൽ കിടക്കുന്ന ചാത്തുരുത്തിയിൽ അയ്പ്പോരായെ പോയി കണ്ടു. അവിടെ പ്രാർത്ഥിച്ചു കാപ്പി കുടിച്ചശേഷം കോട്ടയത്തേക്കു യാത്ര തിരിച്ചു. 6 മണിക്കു കോട്ടയത്തെത്തി. എന്റെ കൂടെ വന്ന മല്പാൻ യോഹന്നാൻ കത്തനാർ പഴയസെമിനാരിക്കു പോയി. അയാൾക്കു നാം പത്തു രൂപാ കൊടുത്തു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

20-12-1960. ഇന്ന് നമ്മുടെ കെ. ഫീലിപ്പോസ് കത്തനാർ ഇവിടെ വന്നു, സെമിനാരി കാര്യങ്ങൾ നമ്മെ അറിയിച്ചു. അയാൾ ഉച്ചതിരിഞ്ഞ് ഇവിടെ നിന്നു പോയി. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

21-12-1960. ഇന്ന് ഉച്ചയ്ക്കുശേഷം കങ്ങഴ സെന്റ് തോമസ് ദൈവാലയത്തിലേക്കു പോയി. വഴിക്കു വച്ചു വാഴൂർ പള്ളിക്കാർ നമ്മെ സ്വീകരിച്ചു. കങ്ങഴ പള്ളിയിലേക്കു വാദ്യമേളത്തോടു കൂടി കങ്ങഴ ചന്തമുക്കിൽ നിന്നു സ്വീകരിച്ചുകൊണ്ടുപോയി. മാനേജർ റ്റി. സി. ജേക്കബ് കത്തനാരും നമ്മുടെ കാറിൽ ഉണ്ടായിരുന്നു. പള്ളിയിൽ വച്ചു മാർ ഈവാനിയോസ് മെത്രാച്ചൻ നമ്മെ സ്വീകരിച്ചു. ധാരാളംപേർ ഈ സ്വീകരണത്തിൽ സംബന്ധിച്ചിരുന്നു. 4.30-നു പുതുക്കി പണിയുന്ന പള്ളിയുടെ കല്ലിടീൽ കർമ്മം നാം നടത്തി. 5 മണിയോടു കൂടി തിരികെ അരമനയിലേക്കു യാത്ര തിരിച്ചു. 5.45-നു ഇവിടെ എത്തി. ഇന്ന് തിരുവല്ലാ എം.ജി.എം. ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ തോമസും നമ്മുടെ എറാട്ടെ കത്തനാരും കൂടി ഇവിടെ വന്നു നമ്മെ കണ്ടു. എം.ജി.എം. ഹൈസ്കൂളിന്റെ വാർഷികത്തിന് ക്ഷണിക്കുവാൻ അവർ വന്നതാണ്. നമുക്ക് ശരീരസുഖമില്ലാത്തതിനാൽ ചെല്ലുവാൻ പ്രയാസമാണെന്ന് നാം അവരോടു പറഞ്ഞു. അവർ തിരികെ പോയി. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

22-12-1960. ഡോക്ടർ പൗലോസ് ഇന്ന് ഇവിടെ വന്നു പരിശോധിച്ചു. നമുക്ക് എനിമാ വയ്ക്കണം എന്ന് പറഞ്ഞു. അവൻ ഉടൻ തന്നെ തിരികെ പോയി.

24-12-1960. രാവിലെ നമ്മെ എനിമാ വച്ചു. മണലിൽ യാക്കോബ് കത്തനാർ ഇന്ന് ഇവിടെ നിന്നു മാമ്മലശ്ശേരിക്കു പോയി. സന്ധ്യയ്ക്കു യൽദോ പെരുന്നാൾ ശുശ്രൂഷ നടത്തുന്നതിന് നാം മാർ ഏലിയാ ചാപ്പലിലേക്കു പോയി. 5 മണിക്കു എം.ഡി. സെമിനാരി ഹൈസ്കൂളിൽ വച്ചു നടത്തുന്ന എൻ.സി.സി. യുടെ ഉദ്ഘാടനം നാം നടത്താമെന്ന് സമ്മതിച്ചിട്ടുണ്ടായിരുന്നു. കൃത്യം 4.55-നു നാം എ.ഡി. യിൽ എത്തി. കമാൻഡർ മാത്യു നമ്മെ സ്വീകരിച്ചു. നാം ഒരു ചെറുപ്രസംഗത്തോടു കൂടി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നമ്മുടെ ശരീരത്തെ രാജ്യത്തിനു വേണ്ടിയും ആത്മാവിനെ ഈശ്വരനു വേണ്ടിയും ഉപയോ

ഗിക്കണം. ശരീരത്തെ നാം വേണ്ടതുപോലെ പരിപാലിക്കണം. ആത്മാവിനെയും പരിപാലിക്കണമെന്നു നാം അവരോടു പറഞ്ഞു.

അതിനുശേഷം യൽദോയുടെ ശുശ്രൂഷ 6.45-നു തുടങ്ങി. മല്പാൻ യോഹന്നാൻ കത്തനാരും പഴയസെമിനാരിയിൽ നിന്നു വന്നിട്ടുണ്ടായിരുന്നു. സന്ധ്യാനമസ്കാരത്തിനു ശേഷം നാം തിരികെ ദേവലോകം അരമനയിലേക്കു പോന്നു. ഒരു മണിക്ക് എഴുന്നേറ്റ് ഏലിയാ ചാപ്പലിലേക്കു പോയി. യൽദോയുടെ ശുശ്രൂഷ തീർന്നശേഷം 4.45-നു വി. കുർബ്ബാന ആരംഭിച്ചു. 6 മണിക്ക് തീർന്നു. രാവിലെ കാപ്പിമേശയ്ക്കു ശേഷം ദേവലോകം അരമനയിലേക്കു പോന്നു.

25-12-1960. ഇന്നു പ്രത്യേക വിശേഷങ്ങൾ ഒന്നും തന്നെയില്ല.

26-12-1960. രാവിലെ കുറിച്ചി സെന്റ് മേരീസ് ചാപ്പലിലേക്കു പോയി. അവിടെ പള്ളി പെരുനാളായിരുന്നു. എരുത്തിക്കലെ ഇ. ജെ. തോമസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. വി. കുർബ്ബാനയ്ക്കുശേഷം പുതുതായി പണിത കെട്ടിടത്തിന്റെ കൂദാശാകർമ്മം നടത്തി. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

27-12-1960. ഇന്ന് മലബാർ വികാരി ജനറൽ ഇവിടെ വന്നിരുന്നു. നമ്മെ മലബാർ ഭദ്രാസനത്തിലുള്ള സുൽത്താൻ ബത്തേരി പള്ളിയുടെ കൂദാശ നടത്തുന്നതിനു ക്ഷണിക്കുന്നതിനായിരുന്നു അവർ വന്നത്. നാം പള്ളി കൂദാശ നടത്തുന്നതിനു ചെല്ലാമെന്ന് അവരെ അറിയിച്ചു. കാനറാക്കാരൻ മത്തായി ശെമ്മാശന് മലബാറിൽ വച്ചു കത്തനാർ പട്ടം കൊടുക്കാമെന്ന് നാം അവരോട് അറിയിച്ചു. അവർ തിരികെ പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

28-12-1960. കുറിച്ചിയിലെ മാമ്മൻ മാപ്പിളയുടെ മകൻ ചാക്കോച്ചന്റെ മകൻ കെട്ടുന്നതിനു മുമ്പായി നമ്മെ വന്നു കണ്ടു വിവരം അറിയിച്ചു. അവൻ നമുക്ക് 250 രൂപാ കൈമുത്ത് തന്നു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

29-12-1960. ഇന്ന് പ്രത്യേക വിശേഷങ്ങൾ ഒന്നും തന്നെയില്ല.

30-12-1960. എറികാട്ടെ ബേബിയുടെ ബാങ്കിൽ നിന്നു നമ്മുടെ ആവശ്യത്തിലേക്കായി 1000 രൂപാ ഇന്നു എടുത്തു. ആ തുക ബേബി ഇവിടെ കൊണ്ടു തരികയായിരുന്നു.

31-12-1960. കോട്ടയം ചെറിയപള്ളി വികാരിയും കുരിശുപള്ളി വികാരിയും കൂടിയായ ഗബ്രിയേൽ കത്തനാർ വന്നു നമ്മെ കണ്ടു. കുരിശുപള്ളിയിലെ കൈമുത്തു കൊണ്ടു തന്നു. അയാൾ സന്ധ്യയോടു കൂടി തിരികെ പോയി. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

19-2-1961. രാവിലെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് തിരുവല്ലാ പാലിയേക്കര പള്ളിയിലെ വികാരി ജേക്കബ് കത്തനാരും കമ്മിറ്റി അംഗങ്ങളും വന്ന് നമ്മെ കണ്ട് പള്ളി സംബന്ധമായ കാര്യങ്ങളെക്കുറിച്ചു പറയുകയും ചെയ്തു. അവർക്ക് ഒരു കല്പന നാം കൊടുക്കുകയും ചെയ്തു. കൊച്ചുകൊച്ചു വന്നിരുന്നു.

20-2-1961. കുണ്ടറ തടത്തുവിള തോമ്മാ കത്തനാരും ഉമ്മൻ പണിക്കരും വന്നു നമ്മെ കണ്ടു. മട്ടുമ്മേൽ ഇസഹാക്ക് കത്തനാർ വന്നിരുന്നു. റീത്തിലെ കാരിമ്പാക്കാരൻ പി. ജി. യാക്കോബു കത്തനാർ വന്ന് നമ്മെ കണ്ട് തിരിച്ചു ഈ സഭയിലോട്ടു ചേരുന്നതിനായി അപേക്ഷിച്ചു.

21-2-1961. ഇന്ന് പത്തനംതിട്ട ദാവീദ് കത്തനാരും പരുമല മാത്യൂസ് കത്തനാരും വന്നിരുന്നു. അതിനുശേഷം മാവേലിക്കര നിന്നും പറമ്പിൽ സ്കറിയാ കത്തനാരും ഡോ. ഫിലിപ്പും മാത്യു വക്കീലും കൂടി വന്ന് മാവേലിക്കര ആരംഭിക്കുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കല്ലിടീലിന് ക്ഷണിച്ചു. പുളിമൂട്ടിലെ വർക്കിച്ചനെ ലാസർ പള്ളിയിൽ വച്ച് നാം അടക്കി. ഡോ. പൗലോസിനെ ആശുപത്രിയിൽ വച്ചു കണ്ടു. പത്രോസ് മുതലാളിയെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

22-2-1961. ഇന്ന് കൊപ്പാറ ഗീവർഗീസ് കത്തനാർ വന്നിരുന്നു. 4 മണി കഴിഞ്ഞ് നാം തഴക്കര പള്ളിയിലേക്കു എഴുന്നള്ളി. സ്കറിയാ കത്തനാർ, ഹെഡ്മാസ്റ്റർ വി. ജി. തോമ്മസ്, ഡോ. ജോസഫ് എന്നിവർ തദവസരത്തിൽ സെമിനാരി പള്ളിയിൽ ഉണ്ടായിരുന്നു. നാം അവിടെ താമസിക്കുകയും ചെയ്തു.

23-2-1961. 7.30-നു തഴക്കര പള്ളിയിൽ നിന്നും സ്കറിയാ കത്തനാരും ഒരുമിച്ച് പുതിയകാവു പള്ളിയിലേക്കു എഴുന്നള്ളി. വറുഗീസ് പണിക്കർ കത്തനാർ അവിടെ ഉണ്ടായിരുന്നു. 8 മണിക്ക് പള്ളിയിൽ നിന്നും, സെമിനാരിയിലെ വിദ്യാർത്ഥികളും അനേകം കാറുകളും ഉൾക്കൊണ്ട ഒരു വലിയ ജനാവലിയുടെ അകമ്പടിയോടു കൂടി നാം കൂറിലോസ് മെത്രാച്ചനും ഒരുമിച്ച് മാർ ബസേലിയോസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സ്കൂളിനായി നിശ്ചയിച്ച സ്ഥലത്തേക്ക് എഴുന്നെള്ളി. കൃത്യം 8.30-നു കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. സി. ഐ. നൈനാനും കൂറിലോസ് മെത്രാച്ചനും ഏതാനും സമയം പ്രസംഗിച്ചു. പി. കെ. കുര്യൻ കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തു. ഡോ. ഫിലിപ്പ്, കെ. ഒ. മാത്യു തുടങ്ങിയ പള്ളിയിലെ ആളുകൾ നമ്മെ വന്നു കണ്ടു. ഏകദേശം 4 മണിയോടു കൂടി തിരിച്ചു 5.30-നു ദേവലോകം അരമനയിൽ എത്തി. കുന്നംകുളത്തു നിന്നും ദാവീദ് കത്തനാരും മറ്റും നമ്മെ വന്നു കണ്ടു. പാമ്പാടിയിൽ നിന്നും യോഹന്നാൻ കത്തനാരും വന്നിരുന്നു. മത്തച്ചൻ, ചാണ്ടി സാർ എന്നിവർ വന്ന് നമ്മുടെ സണ്ടേസ്കൂൾ വാർഷികത്തെപ്പറ്റി പറഞ്ഞു.

25-2-1961. രാവിലെ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ പഴയസെമിനാരിയിൽ പോയി. 10 മണിക്ക് ഇവിടെ തിരിച്ചുവന്നു. 4 മണിക്ക് വീണ്ടും പഴയസെമിനാരിയിൽ പോയി. വലിയ തിരുമേനി (വട്ടശ്ശേരിൽ) യുടെ പെരുന്നാളായിരുന്നു. 6.30-നു സന്ധ്യാനമസ്കാരം ആരംഭിച്ചു. നമസ്കാരം കഴിഞ്ഞ് എല്ലാവരും കൂടി കുരിശുംമൂടു വരെ റാസ പോയി ധൂപപ്രാർത്ഥന കഴിഞ്ഞ് തിരിച്ചുവന്നു. നാം ആശീർവാദം നൽകുകയും എല്ലാവരും തിരിച്ചുപോകുകയും ചെയ്തു.

ഇന്ന് 3 മണിക്ക് മദ്രാസുകാരൻ രാജഗോപാൽ, ഫീലിപ്പോസ് കത്തനാരോടുകൂടി വന്നു നമ്മുടെ ചെവി പരിശോധിച്ചു.

26-2-1961. രാവിലെ വി. കുർബ്ബാന ആരംഭിച്ചു. നമ്മോടുകൂടി അത്താനാസിയോസ് മെത്രാച്ചനും യോഹന്നാൻ മല്പാനും കുർബ്ബാന ചൊല്ലി. അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും ചെയ്തു. കുരിശുംമൂടു പ്രദക്ഷിണം ചെയ്ത് റാസയും ഉണ്ടായിരുന്നു. വൈദിക വിദ്യാർത്ഥികൾ അംശവസ്ത്രങ്ങൾ ധരിച്ചിരുന്നു. 11 മണിയോടു കൂടി ശുശ്രൂഷകൾ അവസാനിച്ചു. 3.30-നു ദേവലോകത്ത് തിരിച്ചെത്തി. അഖില മലങ്കര കൺവൻഷൻ നടക്കുന്നുണ്ടായിരുന്നു. മണലിൽ യാക്കോബ് കത്തനാർ വന്നു.

27-2-1961. മൂന്നു മണിക്ക്, വർക്കിംഗ് കമ്മിറ്റി ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാൻ വന്നിരുന്നു. മിക്കവാറും എല്ലാവരും വന്നിരുന്നു. കെ. ഒ. മാത്യു വന്നിട്ടില്ലായിരുന്നു. 6.30-നു കമ്മിറ്റി പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കണമെന്ന് തീരുമാനിച്ചു.

28-2-1961. നാം ഒമ്പതു മണിക്ക് പഴയ സിമ്മനാരിയിലേയ്ക്ക് എഴുന്നള്ളി. 10 മണിക്ക് നമ്മുടെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടു കൂടി മാനേജിംഗ് കമ്മിറ്റി യോഗം ആരംഭിച്ചു. നമ്മുടെ ഉപക്രമത്തിൽ എം.ഡി. മുതലായ സമുദായ വസ്തുക്കളുടെ കാര്യവും ഓർപ്പിച്ചു. യോഗത്തിന്റെ നടത്തിപ്പിനായിട്ട് അത്താനാസ്യോസ് മെത്രാച്ചനെ ചുമതലപ്പെടുത്തി. 12-നു രാവിലത്തെ ചർച്ചകൾ അവസാനിച്ചു. ഭക്ഷണത്തിനു ശേഷം വീണ്ടും രണ്ടു മണിക്ക് കൂടുകയും ചെയ്തു. നമ്മുടെ ഉപസംഹാരത്തിനുശേഷം 5 മണിക്ക് കമ്മിറ്റി അവസാനിച്ചു. ക്ലീമിസ് മെത്രാച്ചൻ വന്നു ചേർന്നില്ല. 5.15-നു ദേവലോകത്തേക്ക് മടങ്ങുകയും ചെയ്തു.

1-3-1961. ബുധനാഴ്ച. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. കൊറ്റാത്തുവിള തോമസ് കത്തനാരും വന്നിരുന്നു. പാലിയേക്കര പള്ളിയുടെ കാര്യത്തെപ്പറ്റി കട്ടപ്പുറത്തെ ഇടവകയിൽ ചിലർ വന്നു നമ്മെ കാണുകയും വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്തു. 5 മണിക്ക് കനകപ്പലത്ത് തോമസ് കത്തനാർ വന്നിരുന്നു. അമയന്നൂർ ഈപ്പൻ കത്തനാരും നമ്മെ വന്നു കണ്ടു. എം.ഡി. യിൽ നിന്നും നൈനാൻ ശെമ്മാശൻ ശംശോനോ സ്ഥാനം ഏൽക്കുന്നതിന് അനുവദിച്ചു.

2-3-1961. വ്യാഴം. ഉച്ചനമസ്കാരം കഴിഞ്ഞ് കാരിച്ചാൽ എഴുത്തിൽ യാക്കോബു കത്തനാരുടെ ശീശ്മ തീർത്ത് നമ്മുടെ സഭയിലേക്കു ചേർത്തിരിക്കുന്നു. കെ. ഫിലിപ്പോസ് കത്തനാർ സെമിനാരി കൊൺവൊക്കേഷനു ആദ്ധ്യക്ഷം വഹിക്കുവാൻ നമ്മെ ക്ഷണിച്ചു. 3 മണിക്ക് നാം അവിടേക്കു എഴുന്നെള്ളി. പൂർവ്വ വിദ്യാർത്ഥികൾ ധാരാളം പേർ സന്നിഹിതരായിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. പീലക്സിനോസ് മെത്രാച്ചനും കെ. എം. ചെറിയാനും പ്രസംഗിച്ചു. ആറു മണിക്കു നാം ദേവലോകത്തേക്കു എഴുന്നെള്ളുകയും ചെയ്തു. ദീവന്നാസ്യോസ് മെത്രാച്ചനും നമ്മോടുകൂടി വന്നിട്ട് തിരിച്ച് തിരുവല്ലയ്ക്കു പോയി. ശങ്കരത്തിൽ മത്തായി കോർഎപ്പിസ്കോപ്പാ വന്നിരു

ന്നു. പഴഞ്ഞിയിലെ ജോസഫ് കത്തനാരും വന്നിരുന്നു.

3-3-1961. വെള്ളി. ശങ്കരത്തിൽ മത്തായി കോർഎപ്പിസ്കോപ്പായ്ക്കു പള്ളി പണിയുടെ പണപിരിവിന് 14/61-ാം നമ്പർ കല്പന കൊടുത്തു. കുരിശുപള്ളി യിലെ കാര്യം അറിയിക്കുന്നതിനായി ഗബ്രിയേൽ കത്തനാർ വന്നു. വെങ്ങാഴി യിൽ ജോർജ് കത്തനാർ വന്നു.

4-3-1961. മാനേജർ യാക്കോബ് കത്തനാർ കുർബ്ബാന അർപ്പിച്ചു. കുരിശും മൂട്ടിൽ പാപ്പി കൊച്ചുമക്കളെ തലയിൽ കൈവച്ചു പ്രാർത്ഥിപ്പാൻ നമ്മുടെ അടുത്തു കൊണ്ടുവന്നു. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നിരുന്നു. കുട്ടിയപ്പൻ രണ്ട് ചിത്തോല തയിപ്പിച്ചു തന്നു.

5-3-1961. ഞായർ. മാനേജർ ജേക്കബ് കത്തനാർ കുർബ്ബാന അണച്ചു. നാം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഫോർവേർഡ് ബാങ്കിലെ ചാക്കോച്ചൻ, ജോർജു കുട്ടി, കുട്ടായി തുടങ്ങിയവർ വന്നിരുന്നു. നാലു മണിക്ക് വാഴൂർ പള്ളിയിൽ നിന്നും സ്ത്രീസമാജക്കാർ വന്നിരുന്നു.

6-3-1961. തിങ്കൾ. കണ്ടത്തിൽ മേടയിൽ യൗസേഫ് വന്നു. പരുമല മാനേ ജർ മാത്യൂസ് കത്തനാർ വന്നു. എം.ഡി. യിലെ ശെമ്മാശന്മാർ വന്നിരുന്നു. രജിസ്ട്രാർ വന്നു. പാമ്പാടിയിലുള്ള സമുദായ പൊതുട്രസ്റ്റായ 5 ഏക്കർ വട്ട മല പുരയിടം ഇന്നേ ദിവസം 1500 രൂപാ വിലയ്ക്കു നാമും സഹട്രസ്റ്റിമാരും കൂടി എഴുതിക്കൊടുത്തു.

7-3-1961. ചൊവ്വ. ഇന്ന് തോമസ് ശെമ്മാശൻ വീട്ടിൽ പോയി. ഫോൺ ആഫീ സിലേക്കു മാറ്റി സ്ഥാപിച്ചു.

8-3-1961. പാതിനോമ്പിന് നാം വി. കുർബ്ബാന ചൊല്ലി. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. സമുദായകാര്യങ്ങളെക്കുറിച്ചു സംസാരിച്ചു. ഇടനാട്ടിലെ ഡീക്കൻ റ്റി. എം. സഖറിയാ വീട്ടിൽ പോയി.

9-3-1961. ഈവാനിയോസ് മെത്രാച്ചൻ വന്നു. പരുമല മാനേജർ മാത്യൂസ് കത്തനാരും പഴയസെമിനാരിയിൽ നിന്ന് കെ. ഫീലിപ്പോസ് കത്തനാരും വന്നി രുന്നു. തൃശൂർ ജോസഫ് കത്തനാർക്കും വി. സി. ശമുവേൽ കത്തനാർക്കും നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർക്കും എഴുത്തയച്ചു.

10-3-1961. ഈവാനിയോസ് മെത്രാച്ചൻ വന്നു. സഭാകാര്യങ്ങൾ പറയുക യുണ്ടായി.

11-3-1961 (ഞായറാഴ്ച). വി. കുർബ്ബാന മാനേജർ റ്റി. സി. ജേക്കബ് കത്ത നാർ ചൊല്ലി. ഉച്ചകഴിഞ്ഞ് സഖറിയാ ശെമ്മാശൻ ആശുപത്രിയിൽ നിന്നും തിരിച്ചുവന്നു. കുട്ടിയപ്പനും, ചാക്കോച്ചനും മറ്റും നമ്മെ കണ്ടു സംസാരിച്ചു. കുത്തി വച്ചു.

13-3-1961. വെങ്ങാഴിയിൽ ജോർജ് കത്തനാർ വന്നു. മാളിയേക്കലെ മാത്തു ക്കുട്ടിയും ഭാര്യയും കുഞ്ഞിനെയുംകൊണ്ടു വന്നു. കളത്തിൽ വറുഗീസും മറ്റും മനോരമയിൽ നിന്നു വന്നു നമ്മെ കണ്ടു. വകയാറ്റ് ശമുവേൽ കത്തനാർ വന്നു നമ്മോടു സംസാരിച്ചു.

14-3-1961. പറമ്പിലെ നാളികേരം ഇടുവിച്ചു. പരുമല മാനേജർ മാത്യൂസ് കത്തനാർ വന്നു നമ്മോട് സംസാരിച്ചു. കുറിച്ചിയിലെ ചാക്കോച്ചൻ വന്നു.

15-3-1961. കുറിച്ചിയിലെ ഓനാൻകുട്ടി വന്നിരുന്നു. വെങ്ങാഴിയിലെ ജോർജ് കത്തനാർ വന്നു. ചെറിയപള്ളിയിൽ നിന്നും ഗബ്രിയേൽ കത്തനാർ വന്നു. മൂലവട്ടത്തെ അബ്രഹാം കത്തനാർ വന്നു. മഴുവന്നൂർ നിന്നും നമ്മുടെ അമ്മ യുടെ വീട്ടിൽപെട്ടവർ വന്ന് അവിടെ സെന്റ് ഗ്രീഗോറിയോസ് എന്ന പേരിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്ന കാര്യം പറഞ്ഞു. നാം അനുവദിച്ചു. ചെങ്ങ ന്നൂർ പൂവത്തൂർ കത്തനാർ, വെങ്ങാഴിയിൽ ജോർജു കത്തനാർ, മൂലേടത്ത് ഏബ്രഹാം കത്തനാർ, കൊച്ചുമൂലയിൽ ഏലിയാസ് തോമസ് കത്തനാർ എന്നി വർ നമ്മെ വന്നു കണ്ടു. 4 മണിക്ക് നാം മാങ്ങാനം എബനേസർ ദയറായിൽ എഴുന്നള്ളി അവിടെയുണ്ടായിരുന്ന ബുക്കുകൾ പരിശോധിച്ചു. കുറെ ബുക്കു കൾ ഇങ്ങോട്ടു കൊണ്ടുവന്നു. വൈകിട്ട് കുന്നംകുളത്തു നിന്നും പാറമേൽ കുറിയാക്കോസ് കത്തനാർ വന്നു. നമ്മെ കുന്നംകുളങ്ങരയ്ക്കു കൊണ്ടുപോ കാൻ അയാൾ വന്നതാണ്. കുന്നംകുളത്തെ വിവരങ്ങൾ എല്ലാം അയാൾ നമ്മോടു പറഞ്ഞു. ഡോ. പി. എം. കുര്യൻ ഇവിടെ വന്നു നമ്മെ കണ്ടു. അയാൾ എറണാകുളത്തേക്കു പോയി. പറമ്പിൽ സ്കറിയാ കത്തനാരുടെ മകൻ ക്ലേറിയും കാട്ടൂക്കാരൻ യോസഫ് ശെമ്മാശനും വന്നിരുന്നു. യോസഫ് ശെമ്മാ ശന്റെ കല്യാണവിവരം നമ്മെ അറിയിക്കുവാൻ വന്നതാണ്. മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

16-3-1961. കൊച്ചുകൊച്ച് ഇന്നു രാവിലെ വന്നു എം.ഡി. സെമിനാരിയിൽ വച്ച് നടത്തുവാൻ പോകുന്ന പ്രതിഷേധ മീറ്റിംഗിന്റെ വിവരം പറഞ്ഞു. മാനേ ജർ റ്റി. സി. ജേക്കബ് കത്തനാർ മീറ്റിംഗിന് വേണ്ട കാര്യങ്ങൾ ക്രമീകരിക്കു ന്നതിനായി പോയി. രാവിലെ കുന്നംകുളത്തിനു യാത്ര തിരിക്കുന്നതിനു നിശ്ച യിച്ചിരുന്നുവെങ്കിലും വയറ്റിലെ അസുഖം നിമിത്തം ഉച്ചയ്ക്കുശേഷം ആകട്ടെ യെന്നു തീരുമാനിച്ചു. 10 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ ഇവിടെ വന്നു ഇരതോടു പള്ളിയുടെ കാര്യം പറഞ്ഞു. അവിടെ നിന്നു ജോർജ് കത്തനാരെ തൽക്കാലം സ്ഥലം മാറ്റണ്ടായെന്നും പകരം അദ്ദേഹത്തോടു തൃപ്തിയില്ലാതെ നിൽക്കുന്ന ഒരു കൂട്ടം ആളുകൾക്ക് വി. കുമ്പസാരം നടത്തുന്നതിനും കുർബ്ബാന കൊടുക്കുന്നതിനും ഒരു പട്ടക്കാരനെക്കൂടി നിയമിക്കണമെന്നും ആവശ്യപ്പെട്ടു. നാം അതിന് യാതൊരു മറുപടിയും പറഞ്ഞില്ല. മെത്രാച്ചൻ ഉച്ച വരെ നമ്മോ ടുകൂടി ഉണ്ടായിരുന്നു. പാമ്പാടികണ്ടത്തിലെ വല്യച്ചൻ ഇന്ന് ഇവിടെ വന്നു കണ്ടു. 1.30-നു കുന്നംകുളത്തേക്കു യാത്ര തിരിച്ചു. നമ്മുടെ കാറിൽ പാറ മേൽ കുറിയാക്കോസ് കത്തനാരും ഉണ്ടായിരുന്നു. വഴിമദ്ധ്യേ നാം മൂവാറ്റു പുഴ അരമനയിൽ കയറി. തീമോത്തിയോസ് മെത്രാച്ചനും കോലഞ്ചേരി പള്ളി വികാരി വാലേൽ ഏലിയാസു കത്തനാരുമുണ്ടായിരുന്നു. കുറെനേരം വിശ്രമി ച്ചതിനു ശേഷം നേരെ യാത്ര തിരിച്ചു കൊരട്ടി സെഹിയോൻ അരമനയിൽ എത്തി. സേവേറിയോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. സന്ധ്യയ്ക്ക് അവിടെ താമസിച്ചു. പാറമേൽ കത്തനാർ കുന്നംകുളത്തേയ്ക്കു പോയി. ചുങ്ക ത്തിൽ കത്തനാർ ഇവിടെ വന്നു. ഇന്നു മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

17-3-1961. ഉച്ചമേശയ്ക്കു ശേഷം നാം തൃശൂർ പള്ളിയിലേക്കു യാത്ര തിരി ച്ചു. 5 മണിക്ക് തൃശൂർ പള്ളിയിൽ എത്തി. അസിസ്റ്റന്റ് വികാരി ചെറുവത്തൂർ യൗസേഫ് കത്തനാർ അവിടെ ഉണ്ടായിരുന്നു. ഡോ. ചാക്കോ ജോർജ് മുത ലായവർ വന്നു നമ്മെ കണ്ടു. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

18-3-1961. രാവിലെ വി. കുർബ്ബാന ചെറുവത്തൂർ യോസഫ് കത്തനാർ ചൊല്ലി. ചാക്കോ ജോർജിന്റെ അനുജന്റെ ഭാര്യയ്ക്ക് പ്രസവം മൂലം ഉണ്ടായ സുഖക്കേടിന് രോഗശമനത്തിന് നമ്മെക്കൊണ്ട് പ്രാർത്ഥിപ്പിക്കുന്നതിന് കാറിൽ കൊണ്ടുവന്നിരുന്നു. പ്രാർത്ഥനാനന്തരം അവർ തിരിച്ചുപോയി. ഡോ. ചുമ്മാർ വന്നു കാണുകയും അയാളുടെ ഭാര്യയുടെ സുഖക്കേടിന് നമ്മെക്കൊണ്ടു പ്രാർത്ഥിപ്പിക്കുകയും ചെയ്തു. 12 മണിക്ക് ഒസ്താത്തിയോസ് മെത്രാച്ചൻ ഇവിടെ വന്നു. ഒരു മണിക്ക് ആർ.ഡി.ഒ. സഖറിയാ മാത്യു വന്നു നമ്മെ കണ്ടു. മൂലേപ്പാടു വറുഗീസ് വന്നു കണ്ടു. 4 മണിക്ക് കുന്നംകുളത്തേയ്ക്കു യാത്ര തിരിച്ചു. നമ്മുടെ കാറിൽ ഒസ്താത്തിയോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. പാറ മേൽ അച്ചനും കൂടെ യാത്ര ചെയ്തിരുന്നു. 5 മണിക്കു പഴയ പള്ളിയിൽ എത്തി ലുത്തിനിയായ്ക്കു ശേഷം പള്ളിയുടെ മേലത്തെ മേടയിൽ കയറി വിശ്രമിച്ചു. സന്ധ്യാ നമസ്കാരത്തിനുശേഷം താഴത്തെ മുറിയിൽ താമസിച്ചു. 7 മണിക്ക് സേവേറിയോസ് മെത്രാച്ചനും തീമോത്തിയോസ് മെത്രാച്ചനും വന്നു. രാത്രി 9 മണിക്ക് സിംഹാസനപള്ളി വികാരി ചെറുവത്തൂർ മാത്തു കത്തനാരും ട്രസ്റ്റി പുനയ്ക്കൽ മാത്യുവും കൂടി നാളെ വി. കുർബ്ബാന സിംഹാസനപള്ളിയിൽ ചൊല്ലണമെന്നു നമ്മോടു അപേക്ഷിച്ചു. നാം നാളെ സിംഹാസനപള്ളിയിൽ വി. കുർബ്ബാന ചൊല്ലാമെന്നു അവരോടു പറഞ്ഞു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

(തുടരും)



പ. കാതോലിക്കാ ബാവായെ മാർത്തോമ്മാ സഭയുടെ ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്താ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സന്ദർശിച്ചു.



കോട്ടയം ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നടന്ന ബൈബിൾ പകർത്തി എഴുതൽ.

ചരിത്രത്തിൽ ആദ്യമായി ഒരു ദിവസം കൊണ്ടു ബൈബിൾ പകർത്തി കോട്ടയം ഭദ്രാസനം

6800 പേർ ചേർന്ന് ബൈബിൾ പകർത്തി എഴുതി

പാമ്പാടി: ബൈബിൾ പകർത്തി എഴുതി ചരിത്രത്തിന്റെ ഭാഗമായത് 6800 ഓളം വരുന്ന സൺഡേസ്കൂൾ വിദ്യാർത്ഥികളും, അധ്യാപകരും രക്ഷകർത്താക്കളും.

മലങ്കര ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസനത്തിന്റെ ശതോത്തര സുവർണ്ണ ജൂബിലിയുടെ ഭാഗമായി ഭദ്രാസന സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ അഭിമുഖ്യത്തിൽ സണ്ടേസ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ചേർന്നാണ് വി. വേദപുസ്തകം ഒന്നിച്ച് പകർത്തി എഴുതിയത്.

ഭദ്രാസന മെത്രാപ്പോലിത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, വൈദികർ, ഭാരവാഹികൾ അടക്കം 6800 വിശ്വാസികളാണ് 40 ദിവസത്തെ ആത്മീയ ഒരുക്കത്തിനു ശേഷം ആഗസ്റ്റ് 10 ഞായറാഴ്ച വി. കുർബ്ബാനക്കു ശേഷം ഒരേ സമയം വി.വേദപുസ്തകം കൈയെഴുത്തായി എഴുതിയത്.

ലോകത്ത് തന്നെ ഇത്രയുംപേർ ഒരുമിച്ച് ബൈബിൾ പകർത്തിയെഴുതുന്നത് ആദ്യ സംഭവമാണെന്ന് സംഘാടകർ അറിയിച്ചു.

80 ദേവാലയങ്ങളിലെ വിശ്വാസികൾ വൈദികരുടെ നേതൃത്വത്തിൽ ദേവാലയങ്ങളിൽ എല്ലാ മുന്നൊരുക്കങ്ങളും നടത്തിയിരുന്നു..

പാമ്പാടി മേഖലയിലെ പങ്ങട സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് വചനമെഴുത്തിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

ബൈബിൾ പകർത്തിയെഴുതുന്ന പദ്ധതിയിൽ പങ്കാളികളാകുന്നവർക്ക് എഴുതേണ്ട വേദഭാഗങ്ങൾ നിശ്ചയിച്ചു നൽകിയിരുന്നു. ഒരേ തരം പേപ്പറിൽ, ഒരേ തരം പേന കൊണ്ട് ആണ് ബൈബിൾ പകർത്തി എഴുതിയത്.

പൂർത്തീകരിക്കുന്ന വേദപുസ്തകം മെത്രാസന കേന്ദ്രമായ പരിശുദ്ധ പാമ്പാടി തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന മാർ കുറിയാക്കോസ് ദയറായിൽ ശതോത്തര സുവർണ്ണ ജൂബിലിയുടെ ഓർമ്മക്കായി സൂക്ഷിക്കും.

ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. ഡോ. തോമസ് പി. സഖറിയ, ഡയറക്ടർ വിനോദ് എം സഖറിയ, സെക്രട്ടറി കുറിയാക്കോസ് തോമസ് ജനറൽ കൺവീനർമാരായ ഏബ്രഹാം ജോൺ, അജിത് മാത്യു, വി.വി. വറുഗീസ്, ഇടവക വൈദികർ ഡിസ്ട്രിക്ട് പ്രസിഡന്റുമാർ, ഇൻസ്പെക്ടർമാർ, സെക്രട്ടറിമാർ ഹെഡ്മാസ്റ്റർമാർ, മെൽസോ കൺവീനർമാർ എന്നിവർ വിവിധ സ്ഥലങ്ങളിൽ നേതൃത്വം നൽകി.



സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SJOF) കേന്ദ്ര ഭാരവാഹികൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കും, പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്കുമൊപ്പം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഡോ. സാമുവൽ ചന്ദനപ്പള്ളി മൺമറഞ്ഞിട്ട് കാൽ നൂറ്റാണ്ട്

എഴുത്തിലെ ചന്ദനസുഗന്ധം


ഡോ. പോൾ മണലിൽ

മിഷനറി മലയാളത്തിന്റെ മഹത്വവും മാഹാത്മ്യവും മലയാളികളെ അറിയിച്ച ഡോ. സാമുവൽ ചന്ദനപ്പള്ളി സാഹിത്യ ഗവേഷകൻ, അധ്യാപകൻ, പ്രഭാഷകൻ, ജീവചരിത്രകാരൻ, ഉപന്യാസകാരൻ, പത്രപ്രവർത്തകൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയായിരുന്നു. അദ്ദേഹം മൺമറഞ്ഞിട്ട് കാൽ നൂറ്റാണ്ടായിരിക്കുന്നു.

മഹാകവി പുത്തൻകാവ് മാത്തൻ തരകന്റെ ശിഷ്യനായി പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നു മലയാളം ബിരുദം നേടിയശേഷം എറണാകുളം മഹാരാജാസ് കോളജിൽ ബിരുദാനന്തര ബിരുദ പഠനകാലത്ത് ഗുരുവായ പ്രഫ. സി. എൽ. ആന്റണിയാണ് ഡോ. ചന്ദനപ്പള്ളിയെ മിഷനറി മലയാളത്തിന്റെ നെല്ലും പതിരും പഠിക്കാൻ നിയോഗിച്ചത്. മലയാള സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ മിഷനറിമാരുടെ സാഹിത്യ സംഭാവനകൾ അങ്ങനെയാണ് ഡോ. ചന്ദനപ്പള്ളി അനാവരണം ചെയ്തു തുടങ്ങിയത്. ‘ആശ്ചര്യചൂഡാമണി’യുടെ കർത്താവായ ശക്തിഭദ്രന്റെ ജന്മനാടിനു സമീപം പത്തനംതിട്ട ജില്ലയിലെ ചന്ദനപ്പള്ളിയിൽ ജനിച്ച സി. ഡി. സാമുവൽ എന്ന സാമുവൽ ചന്ദനപ്പള്ളി വിദ്യാഭ്യാസകാലം മുതൽ പ്രഭാഷണകലയിലാണ് പേരും പെരുമയും നേടിയെടുത്തത്. പ്രഭാഷണത്തിന്റെ മുന്നൊരുക്കത്തിനായി നടത്തിയ വായനയാണ് അദ്ദേഹത്തെ സാഹിത്യത്തിന്റെ കാണാപ്പാഠങ്ങൾ കണ്ടെത്താനുള്ള ഉദ്യമത്തിൽ എത്തിച്ചത്. അതിന് ആദ്യം വഴിതുറന്നതു മഹാകവി പുത്തൻകാവ് മാത്തൻ തരകൻ തന്നെയായിരുന്നു.

ഡോ. ചന്ദനപ്പള്ളി മിഷനറിമാരുടെ സാഹിത്യ സപര്യകളെപ്പറ്റി പഠിക്കാൻ തുടങ്ങുമ്പോൾ അതേപ്പറ്റിയുള്ള പഠനങ്ങൾ വിരലിലെണ്ണാവുന്നതു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഡോ. പി. ജെ. തോമസ് എഴുതിയ ‘മലയാള സാഹിത്യവും ക്രിസ്ത്യാനികളും’ എന്ന പുസ്തകത്തിൽ മിഷനറിമാരുടെ സാഹിത്യ സംഭാവനകളും ചർച്ച ചെയ്തിട്ടുണ്ടായിരുന്നു. ഈ പുസ്തകവും വഴികാട്ടിയായി. തുടർന്ന് ചന്ദനപ്പള്ളി ആദ്യം പഠിച്ചതു മിഷനറി മലയാളം ഗദ്യ മാതൃകകൾ കണ്ടെത്താനുള്ള മേഖലയായിരുന്നു. അതിനു പൗളീനോസ് പാതിരി, പിയാനിയസ്, ജരാർദ്, ഗുണ്ടർട്ട്, ബെയ്‌ലി തുടങ്ങിയ മിഷനറിമാരുടെ ജീവിതവും പ്രവർത്തനങ്ങളും പഠിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിലാണ് മലയാളത്തിൽ നവീന ഗദ്യത്തിന്റെ ഉദയമെന്നു സമർഥിക്കുന്നുണ്ടെങ്കിലും പതിനാറാം നൂറ്റാണ്ടു മുതൽ മിഷനറിമാർ ഭാഷാശാസ്ത്രം, വിവർത്തനം, വേദ വ്യാഖ്യാനം, ചരിത്രം, വേദശാസ്ത്രം എന്നിങ്ങനെയുള്ള മേഖലകളിൽ നടത്തിയിട്ടുള്ള സംഭാവനകളിലൂടെ മലയാളം തമിഴിന്റെയും സംസ്കൃതത്തിന്റെയും പിടിയിൽ നിന്നു മോചനം പ്രാപിച്ചതായി ഡോ. ചന്ദനപ്പള്ളി സമർഥിച്ചു. മലയാളഭാഷയുടെ ആധുനികഘട്ടം യഥാർഥത്തിൽ തുടങ്ങുന്നതു പതിനാറാം നൂറ്റാണ്ടിൽ മിഷനറിമാരുടെ സാഹിത്യ പരിശ്രമങ്ങളിലൂടെയാണെന്നു കണ്ടെത്തിയ ചന്ദനപ്പള്ളി തന്റെ നിരീക്ഷണങ്ങൾ തന്റെ കൃതികളിലൂടെ അവതരിപ്പിച്ചു. അവയിൽ എടുത്തുപറയേണ്ടതാണ് മിഷനറി മലയാളം ഗദ്യമാതൃകകൾ. മലയാള ഗദ്യത്തിന്റെ വളർച്ചയും വികാസവും മിഷനറിമാരുടെ ഭാഷാസപര്യയിലൂടെയാണെന്നുള്ള പാഠങ്ങൾ സഹിതം വിശദീകരിക്കുന്ന പുസ്തകമായിരുന്നു ‘മിഷനറി മലയാളം ഗദ്യമാതൃകകൾ.’

തുടർന്ന് ഡോ. ചന്ദനപ്പള്ളി കൈവച്ചത് തദ്ദേശീയ മിഷനറിമാരുടെ സാഹിത്യ സംഭാവനകൾ സംബന്ധിച്ചായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ ഡോ. പി. വി. വേലായുധൻപിള്ളയുടെ കീഴിൽ അദ്ദേഹം ഗവേഷണം നടത്തിയതു പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ ‘വർത്തമാനപ്പുസ്തക’ത്തെപ്പറ്റിയായിരുന്നു. 1785-ൽ എഴുതപ്പെട്ട വർത്തമാനപ്പുസ്തകത്തിലെ ഗദ്യത്തെ മുൻനിർത്തിയായിരുന്നു ഈ ഗവേഷണം. പതിനെട്ടാം നൂറ്റാണ്ടിൽ അനേകം വിദേശ പദങ്ങളും ആശയചിന്തകളും മലയാളഭാഷയിലേക്കു സംക്രമിപ്പിച്ചുകൊണ്ടു മലയാള ഗദ്യത്തെ ഭാസുരമാക്കാൻ പാറേമ്മാക്കൽ തോമ്മാ കത്തനാർക്കു കഴിഞ്ഞ



തായി ഡോ. ചന്ദനപ്പള്ളി തന്റെ പഠനത്തിൽ ചൂണ്ടിക്കാട്ടി. വർത്തമാനപ്പുസ്തകത്തെപ്പറ്റി മലയാളത്തിൽ നടത്തിയ ആദ്യത്തെ പഠനവും ഡോ. സാമുവൽ ചന്ദനപ്പള്ളിയുടേതായിരുന്നു.

അതുപോലെ, മലയാളത്തിൽ ആദ്യമായി ഉദയംപേരൂർ സൂനഹദോസിലെ (1599) കാനോനാകളെപ്പറ്റി പഠനം നടത്തിയതും ഇദ്ദേഹമായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ സ്വതന്ത്രമായ മലയാള ഗദ്യത്തിന്റെ വളർച്ചയെ അടയാളപ്പെടുത്തുന്നതാണ് ഇതേപ്പറ്റി എഴുതിയ ‘ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ.’ പത്തൊമ്പതാം നൂറ്റാണ്ടിലെ നവീന ഗദ്യത്തിന്റെ പിതാവെന്നു വിശേഷിപ്പിക്കാൻ കഴിയുന്ന റവ. ജോർജ് മാത്തനെപ്പറ്റിയുള്ള പഠനം ഡോ. ചന്ദനപ്പള്ളിക്കു കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഡി ലിറ്റ് നേടിക്കൊടുത്തു. കേരള യൂണിവേഴ്സിറ്റിയിൽ അതിനു മുമ്പ് ഡോ. വി. എസ്. ശർമയ്ക്കു മാത്രമേ മലയാളത്തിൽ ഡി ലിറ്റ് നൽകിയിട്ടുള്ളൂ. ജോർജ് മാത്തന്റെ രചനകളുടെ സമ്പൂർണ സമാഹാരം പഠനത്തോടെ അദ്ദേഹം പ്രസിദ്ധീകരിച്ചു.

മലയാള സാഹിത്യ ചരിത്രത്തിൽ മിഷനറിമാരെ അടയാളപ്പെടുത്തിയ എഴുത്തുകാരനാണ് ഡോ. ചന്ദനപ്പള്ളി, സംവേദനം, വേദതീർത്ഥം, ക്രൈസ്തവ സംസ്കാരം, ജരാർദിന്റെ അലങ്കാരശാസ്ത്രം, വർത്തമാനപുസ്തകത്തിനു ഒരവതാരിക, ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ, മൊഴിവരകൾ തുടങ്ങിയ പുസ്തകങ്ങളിൽ അതിന്റെ രൂപരേഖകൾ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. തുടർന്ന് അദ്ദേഹത്തിന്റെ പഠന-ഗവേഷണങ്ങൾ ഉണ്ടായതു തദ്ദേശീയ മിഷനറിമാരുടെയും എഴുത്തുകാരുടെയും സാഹിത്യസംഭാവനകളെ മുൻനിർത്തിയായിരുന്നു. റവ. ജോർജ് മാത്തന്റെ ഗദ്യപ്രബന്ധങ്ങൾ, മഹകവി മാത്തൻ തരകൻ തുടങ്ങിയ രചനകൾ അതിന്റെ ദൃഷ്ടാന്തങ്ങളാണ്. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് ഡോ. സാമുവൽ ചന്ദനപ്പള്ളി നടത്തിയിട്ടുള്ള

അന്വേഷണങ്ങളും പഠനങ്ങളും സഭയുടെ സാംസ്കാരിക പൈതൃകത്തിനും പിതാക്കന്മാരുടെ ജീവിതവും ചിന്തകളും അദ്ദേഹം സമാഹരിച്ചു.

മലങ്കരസഭയിലെ പിതാക്കന്മാരുടെ വേദശാസ്ത്ര ചിന്തകളും ദർശനങ്ങളും സമാഹരിക്കുന്ന ഒരു ഗ്രന്ഥം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു ഡോ. സാമുവൽ ചന്ദനപ്പള്ളിയാണ് – അതാണ് 'മലങ്കരസഭാ പിതാക്കന്മാർ' എന്ന ഗ്രന്ഥം. മലയാള സാഹിത്യത്തിൽ തദ്ദേശീയ സഭാപിതാക്കന്മാരുടെ വേദശാസ്ത്ര ദർശനം എന്ന പഠനശാഖയ്ക്ക് അദ്ദേഹം തുടക്കം കുറിച്ചെന്നു പറയുന്നതിൽ തെറ്റില്ല. നമ്മുടെ പിതാക്കന്മാരുടെ വാക്കിലും വചനത്തിലും അടിഞ്ഞുകിടക്കുന്ന വേദശാസ്ത്രവും ദൈവശാസ്ത്രവും സമാഹരിച്ചുകൊണ്ട് മലയാളത്തിൽ ഒരു പിതൃവിജ്ഞാനീയ പഠനശാഖയാണ് 'മലങ്കരസഭാപിതാക്കന്മാർ' എന്ന ഗ്രന്ഥത്തിലൂടെ ഡോ. ചന്ദനപ്പള്ളി തുറന്നുവച്ചത്. മലങ്കരസഭയുടെ ചരിത്രവും പാരമ്പര്യവും പഠിക്കുന്നവർക്കു ഡോ. ചന്ദനപ്പള്ളിയുടെ ഉദ്യമങ്ങൾ ഭാവിയിൽ ഒരു വഴികാട്ടിയായിരിക്കും. പിതൃവിജ്ഞാനീയ പഠനശാലയിൽ പവിത്രരചനകൾ, മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, മാർ തെയോഫിലോസിന്റെ പ്രബന്ധങ്ങൾ, കായംകുളം ഫീലിപ്പോസ് റമ്പാൻ പ്രഥമ ബൈബിൾ വിവർത്തകൻ, പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, സ്നേഹയാത്രികന്റെ ആത്മകഥ, മൈലപ്ര മാത്യൂസ് റമ്പാന്റെ മധുരഭാഷണം, അലക്സിയോസ് മാർ തേവോദോസ്യോസ് എന്നീ കൃതികളും ഡോ. ചന്ദനപ്പള്ളി രചിച്ചു. മലങ്കര സഭാപിതാക്കന്മാരെപ്പറ്റി നടത്തിയ പഠനങ്ങൾ അദ്ദേഹത്തിനു കാതോലിക്കേറ്റ് അവാർഡ് നേടിക്കൊടുത്തു.

മലയാള സാഹിത്യത്തിൽ പരിശുദ്ധ പരുമല മാർ ഗ്രിഗോറിയോസിന്റെ സാഹിത്യ സംഭാവനകൾ അരക്കിട്ടുറപ്പിക്കുന്ന ഗ്രന്ഥമാണ് 'പവിത്ര രചനകൾ.' പരുമല തിരുമേനിയെന്ന് അറിയപ്പെടുന്ന പിതാവിന്റെ സ്വകാര്യ കത്തുകളും കല്പന കളും ഇടയലേഖനങ്ങളും ഡോ. ചന്ദനപ്പള്ളി ഈ പുസ്തകത്തിൽ സമാഹ രിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ പാഠപുസ്തകമായി 'പവിത്രരചനകൾ' സിലബസിൽ ഉൾപ്പെടുത്തിയത് ഇതിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു. തുടർന്ന് അലക്സിയോസ് മാർ തേവോദോസിയോസ്, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ, പത്രോസ് മാർ ഒസ്താത്തിയോസ് എന്നിവരുടെ ജീവചരിത്രങ്ങളും അവരുടെ വേദശാസ്ത്ര സംഭാവനകൾ വിവരിക്കുന്ന ഗ്രന്ഥങ്ങളും ചന്ദനപ്പള്ളി രചിച്ചു.

മികച്ച അധ്യാപകൻ, ഉജ്വല വാഗ്മി എന്നീ നിലകളിൽ ഡോ. ചന്ദനപ്പള്ളിയെ അടയാളപ്പെടുത്തേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ ഗവേഷണം നടത്തി പിഎച്ച്ഡി ബിരുദം സമ്പാദിച്ചവരും ഏറെ ഉണ്ടെന്നുള്ളത് അദ്ദേഹത്തിന്റെ





നിസ്തന്ദ്രമായ പാണ്ഡിത്യത്തെയും ഭാഷാ പരിജ്ഞാനത്തെയും സൂചിപ്പിക്കുന്നു. അനർഗളമായി ഒഴുകുന്ന വാക്കുകളും ആശയങ്ങളും മാത്രമല്ല ഡോ. ചന്ദനപ്പള്ളിയെ ഉജ്വല വാഗ്മി എന്നു വിശേഷിപ്പിക്കാൻ ഇടയാക്കുന്നത്. പ്രഭാഷണകലയിൽ ചന്ദനപ്പള്ളിക്കു ചന്ദനസുഗന്ധം പകരുന്ന ശൈലിയുണ്ടെന്ന് സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. പ്രഭാഷണകലയിൽ അദ്ദേഹം ആർജിച്ച സിദ്ധി ഉപന്യാസരചനയിലും പ്രകാശിപ്പിക്കപ്പെട്ടിരുന്നു. ഹൃദയത്തിന്റെ ഭാഷയിൽ ഉപന്യാസങ്ങൾ ചമയ്ക്കാൻ അദ്ദേഹത്തിന വ്യതിരിക്തമായ ഒരു ശൈലിയുണ്ടായിരുന്നു.

ചന്ദനപ്പള്ളിയുടെ വിശിഷ്ടമായ ഒരു ഉപന്യാസ സമാഹാരമാണ് 'ചന്ദനവും പള്ളിയും.' എഴുത്തിലും പ്രഭാഷണത്തിലും മാത്രമല്ല, ജീവിതത്തിലും ചന്ദനത്തിന്റെ സുഗന്ധം പരത്തിയ മനുഷ്യനായിരുന്നു ഡോ. സാമുവൽ ചന്ദനപ്പള്ളി. 1991-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ പ്രൊഫ. സി. എൽ. ആന്റണി, ഡോ. വി. കെ. നാരായണപിള്ള ഡോ. കെ. എൻ. എഴുത്തച്ചൻ, ജെ. മാത്യൂസ്, കെ. വി. സൈമൺ, കായംകുളം ഫിലിപ്പോസ് റമ്പാൻ എന്നിവരെപ്പറ്റിയുള്ള കുറിപ്പുകളും മൂന്നു ലേഖനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ലേഖനങ്ങളിൽ ഒരെണ്ണത്തിന്റെ തലക്കെട്ടാണ് പുസ്തകത്തിനു നൽകിയിരിക്കുന്ന ശീർഷകം 'ചന്ദനവും പള്ളിയും'. ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ അക്ഷരസപര്യയ്ക്കു 2000 ജൂലൈ മൂന്നിനു അന്ത്യം കുറിച്ചെങ്കിലും അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിന്റെ സൗരഭ്യം പൂത്തുലഞ്ഞു നില്ക്കുന്ന ഒരു കുറിപ്പാണ് 'ചന്ദനവും പള്ളിയും'. ഈ ലേഖനത്തിന്റെ ഹൃദയം ചന്ദനപ്പള്ളി ദേവാലയമാണ്. പള്ളിയുടെ പ്രധാന ഉത്തരം പൂർവ്വികർ നിർമ്മിച്ചതു ചന്ദനത്തടി കൊണ്ടാണെന്നും ഈ പ്രദേശത്തു ധാരാളം ചന്ദനവൃക്ഷങ്ങൾ ഉണ്ടായിരുന്നുവെന്നും ഈ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. ഡോ. ചന്ദനപ്പള്ളിയുടെ വാക്കുകൾ ഉദ്ധരിക്കാം. "ചന്ദനം തേച്ചാൽ നിറം വരുത്തും. ചന്ദനം ചാരിയാൽ ചന്ദനം മണക്കും. ചന്ദനത്തടി ഉരഞ്ഞ് ഉരഞ്ഞ് സ്വജീവിതം ത്യജിക്കുന്നു. ഉരയ്ക്കുന്ന കല്ലിനും കുളിർമ്മ നൽകുന്നു. സ്വജീവിതം അന്യർക്കു നൽകുന്നതിൽ ആത്മനിർവൃതിയടയുന്ന ദേവവൃക്ഷം. മനുഷ്യർക്കു അനുകരണീയമായ മാതൃക. സുഗന്ധം പ്രദാനം ചെയ്യുന്ന ചന്ദനമുട്ടികളായി മനുഷ്യർ രൂപാന്തരപ്പെടണം."

ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ എഴുത്തിന്റെ തത്വശാസ്ത്രവും ഇതു തന്നെയായിരുന്നു. സഭയ്ക്കും സമൂഹത്തിനും സുഗന്ധം പ്രദാനം ചെയ്ത ഒരു ചന്ദനമുട്ടിയായിയുന്നു കാൽനൂറ്റാണ്ട് മുമ്പ് നമ്മെ വിട്ടുപിരിഞ്ഞ ചന്ദനപ്പള്ളി ചരിവുകാലായിൽ സി.ഡി. സാമുവൽ എന്ന ഡോ. സാമുവൽ ചന്ദനപ്പള്ളി. ആധ്യാത്മിക അനുഭൂതിയുടെ അമരവാണികൾ ഉരുവിടുന്ന ദേവാലയങ്ങളുടെ നാട്ടിൽ ജനിച്ച ഈ പ്രതിഭ തന്റെ ജീവിതത്തിൽ ചന്ദനത്തെയും പള്ളിയും സമന്വയിപ്പിച്ചുകൊണ്ട് തന്റെ ഹൃദയത്തിൽ അതിനു പള്ളികൊള്ളാൻ ജാലകം തുറന്നുവച്ച അക്ഷരസ്നേഹിയും അക്ഷരപാലകനും അക്ഷരജ്ഞാനിയുമായിരുന്നു. ❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

രാഹാബ്

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിലെ ഏറ്റവും ആശ്ചര്യകരവും പ്രചോദനാത്മകവുമായ സ്ത്രീകളിൽ ഒരാളാണ് രാഹാബ്. ഉയർന്ന മതിലുകൾക്കും ശക്തമായ പ്രതിരോധങ്ങൾക്കും പേരുകേട്ട പുരാതന നഗരമായ യെരീഹോയിലാണ് അവൾ താമസിച്ചിരുന്നത്. രാഹാബ് ഒരു ഇസ്രായേല്യ കുലത്തിൽപെട്ടവളല്ലായിരുന്നു; അവൾ നിരവധി വ്യാജ ദൈവങ്ങളെ ആരാധിച്ചിരുന്ന കനാന്യ ജനതയിൽ പെട്ടവളായിരുന്നു. അവൾ ഒരു വേശ്യയായി ജോലി ചെയ്തിരുന്നതിനാൽ അവൾക്ക് ഒരു ചീത്തപ്പേരും ഉണ്ടായിരുന്നു. 'നൂന്റെ മകനായ യോശുവ രഹസ്യമായി ഒറ്റുനോക്കേണ്ടതിന് ശിത്തീമിൽ നിന്ന് രണ്ടുപേരെ അയച്ചു നിങ്ങൾ പോയി ദേശവും യെരീഹോ പട്ടണവും നോക്കി വരുവിൻ എന്ന് പറഞ്ഞു അവർ പുറപ്പെട്ട് രാഹാബ് എന്ന പേരുള്ള ഒരു വേശ്യയുടെ വീട്ടിൽ ചെന്ന് അവിടെ പാർത്തു" (യോശുവ 2:1). എന്നിരുന്നാലും, ദൈവത്തിൽ വിശ്വസിച്ചാൽ ആരുടെയും ജീവിതം എങ്ങനെ മാറ്റാൻ കഴിയുമെന്ന് അവളുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. രണ്ട് ഇസ്രായേല്യ ചാരന്മാർ അവളുടെ നഗരത്തിലേക്ക് വന്നപ്പോൾ, രാഹാബിന്റെ തീരുമാനങ്ങൾ അവളുടെ ഭാവി എന്നെന്നേക്കുമായി മാറ്റിമറിച്ചു. അവളുടെ വിശ്വാസം, ധൈര്യം, ദയ, ജ്ഞാനം, അനുസരണം, പരിവർത്തനം എന്നിവയാൽ അവൾ ഓർമ്മിക്കപ്പെടുന്നു.



1. രാഹാബിന്റെ ദൈവത്തിലുള്ള വിശ്വാസം

രാഹാബ് ഒരിക്കലും ദൈവത്തിന്റെ അദ്ഭുതങ്ങൾ സ്വന്തം കണ്ണുകൊണ്ട് കണ്ടിട്ടില്ല, പക്ഷേ അവൾ അവയെക്കുറിച്ച് കേട്ടിരുന്നു. അവൾ ചാരന്മാരോട് പറഞ്ഞു, 'നിങ്ങൾ മിസ്രയീമിൽ നിന്ന് പുറപ്പെട്ടു വരുമ്പോൾ യഹോവ നിങ്ങൾക്കുവേണ്ടി ചെങ്കടലിലെ വെള്ളം വറ്റിച്ചതും യോർദാനക്കരെ വച്ച് നിങ്ങൾ നിർമൂലം ആക്കിയ സീഹോൻ ഓഗ് എന്ന രണ്ട് അമോര്യ രാജാക്കന്മാരോടു ചെയ്തതും ഞങ്ങൾ കേട്ടു" (യോശുവ 2:10). യിസ്രായേലിന്റെ ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവമാണെന്ന് അവൾ വിശ്വസിച്ചിരുന്നു. ദൈവജനത്തിന്റെ ഭാഗമാകുന്നതിനു മുമ്പുതന്നെ അവളുടെ വിശ്വാസം ശക്തമായിരുന്നു. ഇത് നമ്മെ കാണിക്കുന്നത് വിശ്വാസം നമ്മൾ എവിടെയാണ് ജനിച്ചത് എന്നതിനെക്കുറിച്ചല്ല, മറിച്ച് നമ്മുടെ ഹൃദയങ്ങളിൽ നമ്മൾ ദൈവത്തിന് കൊടുക്കുന്ന സ്ഥാനം അനുസരിച്ചാണ് എന്നാണ്. സ്വന്തം ജനത്തിനെതിരെ പോകേണ്ടി വന്നാലും ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കാൻ രാഹാബിന്റെ വിശ്വാസം അവൾക്ക് മനോബലം നൽകി.

2. രാഹാബിന്റെ ധൈര്യം

ചാരന്മാരെ ഏൽപ്പിക്കാൻ യെരീഹോ രാജാവ് അവളോട് ഉത്തരവിട്ടപ്പോൾ രാഹാബ് വലിയ ധൈര്യം കാണിച്ചു. രാജാവിനെ അനുസരിക്കുന്നതിനു പകരം, അവൾ അവരെ തന്റെ മേൽക്കൂരയിലെ ചണത്തണ്ടുകൾക്കടിയിൽ ഒളിപ്പിച്ചു. 'ആ സ്ത്രീ അവരെ രണ്ടു പേരെയും കൂട്ടിക്കൊണ്ടുപോയി ഒളിപ്പിച്ചിട്ട് അവർ എന്റെ അടുക്കൽ വന്നിരുന്നു എങ്കിലും എവിടുത്തുകാർ എന്ന് ഞാൻ അറിഞ്ഞില്ല ഇരുട്ടായപ്പോൾ പട്ടണവാതിൽ അടയ്ക്കുന്ന സമയത്ത് അവർ പുറപ്പെട്ടു പോയി എവിടേക്ക് പോയി എന്ന് ഞാൻ അറിയുന്നില്ല വേഗത്തിൽ അവരുടെ പിന്നാലെ ചെല്ലുവിൻ എന്നാൽ അവരെ കണ്ടുപിടിക്കാം എന്ന് പറഞ്ഞു എന്നാൽ അവൾ അവരെ വീട്ടിൽ മുകളിൽ കൊണ്ടുപോയി അവിടെ അടുക്കി വെച്ചിരുന്ന ചണത്തണ്ടുകളുടെ ഇടയിൽ ഒളിപ്പിച്ചിരുന്നു' (യോശുവ 2:46). പിടിക്കപ്പെട്ടിരുന്നെങ്കിൽ, അവളെ ശിക്ഷിക്കുകയോ കൊല്ലുകയോ ചെയ്യാമായിരുന്നു. ഇത് എളുപ്പമുള്ള ഒരു തിരഞ്ഞെടുപ്പായിരുന്നില്ല. ധൈര്യം എന്നാൽ ഭയത്തിന്റെ അഭാവമല്ല - നമ്മൾ ഭയപ്പെടുമ്പോൾ പോലും ശരിയായത് ചെയ്യുക എന്നതാണ്. ദൈവത്തിന്റെ പക്ഷം വിജയിക്കുന്ന പക്ഷമാണെന്ന് രാഹാബ് വിശ്വസിച്ചതിനാൽ എല്ലാം എളുപ്പത്തിലാക്കി. ശരിയായതിന് വേണ്ടി നിലകൊള്ളുന്നതിന് പലപ്പോഴും ത്യാഗം ആവശ്യമാണെന്ന് അവളുടെ ധൈര്യം നമ്മെ പഠിപ്പിക്കുന്നു.

3. രാഹാബിന്റെ ദയയും ആതിഥ്യമര്യാദയും

ചാരന്മാരെ പരിചരിക്കുന്നതിൽ രാഹാബിന്റെ ദയ പ്രകടമായി. അവൾ അവരെ തന്റെ വീട്ടിലേക്ക് സ്വാഗതം ചെയ്യുകയും അവർക്ക് താമസിക്കാൻ സുരക്ഷിതമായ ഒരു സ്ഥലം ഉറപ്പാക്കുകയും ചെയ്തു. നഗരത്തിലെ കാവൽക്കാരുടെ പിടിയിൽപ്പെടാതെ എങ്ങനെ രക്ഷപ്പെടാമെന്ന് അവൾ അവർക്ക് ഉപദേശം നൽകുകയും ചെയ്തു. 'എന്നാറെ അവൾ അവരെ കിളിവാതിലിലൂടെ ഒരു കയർ കെട്ടിയിറക്കി അവളുടെ വീട് കോട്ടമതിലിന്മേൽ ആയിരുന്നു അവൾ മതിലിന്മേൽ പാർത്തിരുന്നു അവൾ അവരോട് തിരഞ്ഞു പോയവർ നിങ്ങളെ കണ്ടു പിടിക്കാതിരിക്കേണ്ടതിന് നിങ്ങൾ പർവതത്തിൽ കയറി അവർ മടങ്ങിപ്പോരുവോളം മൂന്നു ദിവസം അവിടെ ഒളിച്ചിരിപ്പിൻ. അതിന്റെശേഷം നിങ്ങളുടെ വഴിക്ക് പോകാം എന്ന് പറഞ്ഞു" (യോശുവ 2:1516). ആതിഥ്യം എന്നാൽ നമ്മുടെ വാതിലുകൾ തുറക്കുക മാത്രമല്ല - മറ്റുള്ളവർ സംരക്ഷിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ്. മറ്റുള്ളവരോടുള്ള സ്നേഹവും കരുതലും നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും കാണിക്കണമെന്ന് രാഹാബിന്റെ ദയ നമ്മെ പഠിപ്പിക്കുന്നു.

4. രാഹാബിന്റെ ജ്ഞാനം

അപകടകരമായ സാഹചര്യം അവൾ എങ്ങനെ കൈകാര്യം ചെയ്തു എന്നതിൽ രാഹാബിന്റെ ജ്ഞാനം കാണാൻ കഴിയും. അവൾ വേഗത്തിൽ ചിന്തിച്ചു, ചാരന്മാരെ ഒളിപ്പിച്ചു, രാജാവിന്റെ ആളുകളെ തെറ്റിദ്ധരിപ്പിച്ചു, എപ്പോൾ പോകണമെന്ന് ചാരന്മാർക്ക് നിർദ്ദേശങ്ങൾ നൽകി. അവൾ അവരുമായി ഒരു സമർത്ഥമായ കരാറും ഉണ്ടാക്കി - ഇസ്രായേൽ യെരീഹോയെ ആക്രമിച്ചപ്പോൾ അവൾ തന്റെ കുടുംബത്തിന്റെ സുരക്ഷയ്ക്കായി അപേക്ഷിച്ചു 'ആകയാൽ ഞാൻ നിങ്ങളോട് ദയ ചെയ്കകൊണ്ട് നിങ്ങളും എന്റെ പിതൃ ഭവനത്തോട് ദയ ചെയ്ത് എന്റെ അപ്പനെയും അമ്മയെയും എന്റെ സഹോദരന്മാരെയും സഹോദരിമാരെയും അവർക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ച് ഞങ്ങളുടെ ജീവനെ മരണത്തിൽ നിന്ന് വിടുവിക്കുമെന്ന് യഹോവയെ ചൊല്ലി എന്നോട് സത്യം ചെയ്യുകയും ഉറപ്പുള്ള ഒരു ലക്ഷ്യം തരികയും വേണം അവർ അവളോട് ഞങ്ങളുടെ ഈ കാര്യം നിങ്ങൾ അറിയിക്കാതെ ഇരുന്നാൽ നിങ്ങളുടെ ജീവനു പകരം ഞങ്ങളുടെ ജീവൻ വെച്ചുകൊടുക്കും യഹോവ ഈ ദേശം ഞങ്ങൾക്ക് തരുമ്പോൾ ഞങ്ങൾ നിന്നോട് ദയയും വിശ്വസ്തതയും കാണിക്കും എന്ന് ഉത്തരം പറഞ്ഞു"(യോശുവ 2:12-14). മുൻകൂട്ടി ആസൂത്രണം ചെയ്തും ജ്ഞാനത്തോടെ പ്രവർത്തിച്ചും, തന്റെ പ്രിയപ്പെട്ടവർ സംരക്ഷിക്കപ്പെടുമെന്ന് രാഹാബ് ഉറപ്പുവരുത്തി. എന്തു ചെയ്യണമെന്ന് അറിയുക മാത്രമല്ല, ശരിയായ സമയത്ത് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ജ്ഞാനം എന്ന് ഇത് കാണിക്കുന്നു.

5. രാഹാബിന്റെ അനുസരണം

ചാരന്മാർ രാഹാബിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി: 'അവർ അവളോട് പറഞ്ഞത് ഞങ്ങൾ ഈ ദേശത്ത് വരുമ്പോൾ നീ ഞങ്ങളെ ഇറക്കിവിട്ട ഈ

കിളിവാതില്ക്കൽ ഒരു ചുവപ്പ് ചരട് കെട്ടുകയും നിന്റെ അപ്പനെയും അമ്മയെയും സഹോദരന്മാരെയും പിതൃഭവനത്തെ ഒക്കെയും നിന്റെ അടുക്കൽ വീട്ടിൽ വരുത്തി കൊള്ളുകയും വേണം"(യോശുവ 2:18). രാഹാബ് അവളോട് പറഞ്ഞതുപോലെ കൃത്യമായി അനുസരിച്ചു. യെരീഹോയുടെ മതിലുകൾ ഇടിഞ്ഞുവീണപ്പോൾ, അവളും അവളുടെ കുടുംബവും സുരക്ഷിതരായിരുന്നു 'എന്നാൽ രാജ്യത്തെ ഉറ്റുനോക്കിയ രണ്ടു പുരുഷന്മാരോട് യോശുവ വേശ്യയുടെ വീട്ടിൽ ചെന്ന് അവിടെ നിന്ന് ആ സ്ത്രീയെയും അവൾക്കുള്ള സകലത്തെയും നിങ്ങൾ അവളോട് സത്യം ചെയ്തത് പോലെ പുറത്തുകൊണ്ടുവരുവിൻ എന്ന് പറഞ്ഞു അങ്ങനെ ഒറ്റുകാരായിരുന്ന യൗവനക്കാർ ചെന്ന് രാഹാബിനെയും അവളുടെ അപ്പനെയും അമ്മയെയും സഹോദരന്മാരെയും അവൾക്കുള്ള സകലത്തെയും പുറത്തുകൊണ്ടുവന്നു അവളുടെ എല്ലാ ചർച്ചക്കാരെയും പുറത്തു കൊണ്ടുവന്നു ഇസ്രായേൽ പാളയത്തിന് പുറത്ത് പാർപ്പിച്ചു"(യോശുവ 6:22 23). അവളുടെ അനുസരണം അവൾക്ക് മാത്രമല്ല, അവളുടെ വീട്ടിലെ എല്ലാവർക്കും അനുഗ്രഹം കൊണ്ടുവന്നു. ദൈവത്തിന്റെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം ശ്രദ്ധിക്കുകയും പിന്തുടരുകയും ചെയ്യുന്നത് സുരക്ഷിതത്വത്തിലേക്കും വിജയത്തിലേക്കും നയിക്കുമെന്ന് രാഹാബിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നു.

6. രാഹാബിന്റെ പരിവർത്തനം

യെരീഹോവിന്റെ പതനത്തോടെ രാഹാബിന്റെ ജീവിതം അവസാനിച്ചില്ല. അവൾ ഇസ്രായേൽ ജനങ്ങളോടൊപ്പം ചേരുകയും അവരുടെ ഇടയിൽ താമസിക്കുകയും ചെയ്തു. പിന്നീട്, അവൾ ഇസ്രായേല്യനായ ശൽമോൻ എന്ന പുരുഷനെ വിവാഹം കഴിച്ചു, ദാവീദ് രാജാവിന്റെ മുതുമുത്തശ്ശിയായി (മത്തായി 1:5 6). ഇതിനർത്ഥം രാഹാബ് യേശുക്രിസ്തുവിന്റെ കുടുംബ പരമ്പരയുടെ ഭാഗമായി. പാപപൂർണ്ണമായ ഒരു ഭൂതകാലത്തിൽ നിന്ന് ദൈവപദ്ധതിയിൽ ഒരു ബഹുമാന്യ സ്ഥാനത്തേക്കുള്ള അവളുടെ പരിവർത്തനം, ദൈവത്തിന്റെ ക്ഷമയ്ക്ക് അതീതനായി ആരും ഇല്ലെന്ന് നമുക്ക് കാണിച്ചുതരുന്നു. അവന് ഏത് ജീവിതത്തെയും മാറ്റിമറിക്കാനും അത് തന്റെ മഹത്വത്തിനായി ഉപയോഗിക്കാനും കഴിയും.

ആരുടെയും പശ്ചാത്തലമോ മുൻകാല തെറ്റുകളോ പരിഗണിക്കാതെ ദൈവത്തിന് ആരിലൂടെയും പ്രവർത്തിക്കാൻ കഴിയുമെന്ന് രാഹാബിന്റെ ജീവിതം കാണിക്കുന്നു. തുടക്കത്തിൽ, ദൈവത്തെ എതിർക്കുന്ന ഒരു നഗരത്തിൽ താമസിച്ചിരുന്ന പാപകരമായ ഒരു പ്രശസ്തി നേടിയ സ്ത്രീയായിരുന്നു രാഹാബ്. എന്നിരുന്നാലും, ജീവൻ അപകടത്തിലാക്കേണ്ടി വന്നപ്പോഴും അവൾ അവനിൽ വിശ്വസിക്കാൻ തീരുമാനിച്ചു. അവളുടെ വിശ്വാസം അവൾക്ക് ഇസ്രായേല്യ ചാരന്മാരെ സംരക്ഷിക്കാൻ ശക്തി നൽകി, അവളുടെ ധൈര്യം അവളെ അപകടത്തെ നേരിടാൻ സഹായിച്ചു, അവളുടെ ദയ അപരിചിതരെ പരിപാലിക്കാൻ അവളെ പ്രേരിപ്പിച്ചു, അവളുടെ ജ്ഞാനം അവളുടെ തീരുമാനങ്ങളെ നയിച്ചു, അവളുടെ അനുസരണം അവളുടെ കുടുംബത്തിന് സുരക്ഷിതത്വം നൽകി.

ഏറ്റവും പ്രധാനമായി, അവൾ നാശത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു, ദൈവജനത്തിന്റെ ഭാഗമായി, യേശുക്രിസ്തുവിന്റെ പൂർവ്വികയായി പോലും രാഹാബിന്റെ ജീവിതം പൂർണ്ണമായും രൂപാന്തരപ്പെട്ടു. നമ്മുടെ ഭൂതകാലം നമ്മുടെ ഭാവിയെ നിർവചിക്കേണ്ടതില്ലെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. ദൈവം തന്നിൽ വിശ്വസിക്കുന്നവർക്ക് ക്ഷമിക്കുകയും പുനഃസ്ഥാപിക്കുകയും പുതിയ ഉദ്ദേശ്യം നൽകുകയും ചെയ്യുന്നു. രാഹാബിന്റെ പേര് ബൈബിളിൽ ഓർമ്മിക്കപ്പെടുന്നു, അവളുടെ പഴയ ജീവിതം കൊണ്ടല്ല, മറിച്ച് അവൾ ജീവനുള്ള ദൈവത്തിൽ വിശ്വസിക്കുകയും ആ വിശ്വാസപ്രകാരം പ്രവർത്തിക്കുകയും ചെയ്തതുകൊണ്ടാണ്. അവളുടെ മാതൃക നമ്മെ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കാൻ പ്രോത്സാഹിപ്പിക്കുന്നു, പാത ദുഷ്കരമാകുമ്പോൾ പോലും, ദൈവത്തിന് നമ്മുടെ ജീവിതത്തെ മനോഹരവും അർത്ഥവത്തായതുമായ ഒന്നാക്കി മാറ്റാൻ കഴിയും.



പുതുപ്പള്ളി പാരേട്ട് മാർ ഇവാനിയോസ് ആശുപത്രിയിലെ സഹോദരൻ പാലിയേറ്റീവ് കെയർ സംഘത്തോടൊപ്പം പ. കാതോലിക്കാ ബാവ ഒരവയ്ക്കൽ മൗണ്ട് ഒലിവെറ്റ് മോസെം സെന്റർ സന്ദർശിച്ചു സമയം ചെലവഴിക്കുകയും സെന്ററിലെ അന്തേവാസികളെ അനുഗ്രഹിക്കുകയും ചെയ്തു.



സാമൂഹ്യ സേവന രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചവർക്ക് കല്ലൂപ്പാറ വലിയപള്ളി നൽകി വരുന്ന മരിയൻ പുരസ്കാരം കലയപുരം ആശ്രയ ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ കലയപുരം ജോസിന് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഗീവർഗീസ് മാർ അപ്രേം എന്നിവർ ചേർന്ന് നൽകുന്നു.



കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമമായ പ്രദീപ്തി മാസിക പ്രകാശനം ചെയ്തു. പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്തായ്ക്ക് നൽകിയാണ് പ്രമുക്തി കർമ്മം നിർവഹിച്ചത്. സമ്മേളനത്തിൽ മലങ്കരസഭ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ. ജോസ് തോമസ് പൂവത്തുങ്കൽ, പ്രദീപ്തി മാസിക ചീഫ് എഡിറ്റർ ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്, തുടങ്ങിയവർ പ്രസംഗിച്ചു.



വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കണ്ടറിസ്കൂളും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ബോട്ടണി വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ എബ്രഹാം മാർ സെറാഫിം ക്ലാസ്സ് നയിക്കുന്നു.

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ

(വി. മർക്കോസ് 10:35-45)



ഫാ. മോൻസി ഫിലിപ്പ്

"സ്വാർത്ഥത" മനുഷ്യന്റെ കൂടപ്പിറപ്പായി മാറിയ ലോകം. അത് കാലം തെളിയിച്ച സത്യം. എല്ലാ ബന്ധങ്ങളിലും "സ്വാർത്ഥത" മുന്നിൽ.ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്തും (വി. മർക്കോസ് 10:35-45) സ്വാർത്ഥത നിറഞ്ഞ അപേക്ഷയോടെ യേശുവിന്റെ അടുത്തു വരുന്ന രണ്ട് സഹോദരങ്ങൾ പ്രധാന കഥാപാത്രങ്ങൾ. യാക്കോബും യോഹന്നാനും. അവരുടെ ആഗ്രഹം കർത്താവിന്റെ മഹത്വത്തിൽ പങ്കാളികളായി ഇടത്തും വലത്തും ഇരിക്കാനുള്ള വരം നൽകണം എന്നതാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ അവരുടെ അമ്മ ശലോമി ഇക്കാര്യം ചോദിച്ചതായി പറയുന്നു (വി. മത്തായി 20:21). യാക്കോബിന്റെയും യോഹന്നാന്റെയും സ്വാർത്ഥമായ അപേക്ഷയും, ക്രിസ്തു നൽകുന്ന മറുപടി, മറ്റ് ശിഷ്യന്മാരുടെ നീരസം, അവസാനം ശുശ്രൂഷകൻ എങ്ങനെയായിരിക്കണം എന്ന ഉപദേശം ഇതാണ് വേദഭാഗ സാരാംശം.

വേദഭാഗ ചിന്തകൾ

(1) യാക്കോബിന്റെ യോഹന്നാന്റെയും സ്വാർത്ഥമായ അപേക്ഷ

വി. മർക്കോസ് 10:35-37

കർത്താവിനോടൊപ്പം യാത്ര ചെയ്തിരുന്ന ശിഷ്യഗണത്തിലെ പ്രധാനികളായിരുന്ന യാക്കോബും യോഹന്നാനും ഇവരുടെആഗ്രഹം കർത്താവിന്റെ മഹത്വത്തിൽ വലത്തും ഇടത്തും ഭാഗത്തിരിക്കുവാനുള്ള അനുവാദം. അത് സ്വാർത്ഥതയാണ്. യേശുവിനോടുള്ള അടുപ്പത്തിൽ നിന്ന് കാര്യം സാധിക്കാം എന്ന ചിന്ത അത് യേശു പൊളിച്ചടുക്കി. യേശു അങ്ങനെയാണ് കുറിക്കുകൊള്ളുന്ന മറുപടി സ്വാർത്ഥതകൾക്ക് നൽകും.

"ക്രിസ്തുവിന്റെ രാജ്യത്തിൽ മഹത്വം ലഭിക്കാനുള്ള വഴി സേവനമാണ്. അധികാരം അല്ല."

ഇത് "ഇടിമക്കൾ" മറന്നുപോയി. കാരണം അവർക്ക് മനസ്സിലായത് ക്രിസ്തു ഭൂമിയിൽ രാജ്യം സ്ഥാപിച്ച് രാജാവാകും എന്നതാണ്. ക്രിസ്തുവിന്റെ രാജ്യം ലോകത്തിലെ രാജ്യങ്ങളെ പോലെയല്ല എന്ന തിരിച്ചറിവിലേയ്ക്കു വളരുവാൻ "സ്വാർത്ഥത" തടസ്സമായി. പലപ്പോഴും നമുക്കും അങ്ങനെയാണ്. നമുക്കും കുറെക്കൂടി മനസ്സിലാക്കുവാനുണ്ട്.

സ്വാർത്ഥപ്രേരിതമായ അപേക്ഷയുമായി വന്നവരെ യേശു സഹതാപപൂർവ്വം വീക്ഷിക്കുന്നു. നമ്മളും ഈ സഹോദരങ്ങളുടെ പ്രതിനിധികളാണ്. നമ്മുടെ പ്രാർത്ഥനകളിലും സ്വാർത്ഥതയ്ക്കാണ് പ്രഥമ സ്ഥാനം. ചിലർ അങ്ങനെയാണ് സ്വന്തം കാര്യങ്ങൾ മാത്രം ചിന്തിക്കുകയുള്ളു. മറ്റുള്ളവരെ പരിഗണിക്കാതെ സ്വാർത്ഥ താല്പര്യം മാത്രം. പ്രാർത്ഥനയിൽ നാം സ്വീകരിക്കേണ്ട ഒരു പ്രധാന കാര്യം എല്ലാം അറിയുന്ന നാഥൻ ആവശ്യങ്ങൾ എല്ലാം സാധിച്ചു തരും എന്ന ബോധ്യം അനിവാര്യം.

"നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കുന്നതുകൊണ്ട് ഒന്നും ലഭിക്കുന്നില്ല." (വി. യാക്കോബ് 4:3).

യാക്കോബും യോഹന്നാനും അപേക്ഷിച്ചതിൽ അപാകത കാണുന്ന നാമും നമ്മുടെ പ്രാർത്ഥനയിൽ ഈ രീതിയല്ലോ അനുവർത്തിക്കുന്നത്.

"ഞങ്ങൾ ആഗ്രഹിക്കുന്നതെല്ലാം അല്ല, അങ്ങ് ആഗ്രഹിക്കുന്നത് ഞങ്ങളിൽ പ്രാവർത്തികമാക്കണമേ എന്നതാണ് യോഗ്യവും സ്വീകാര്യവുമായ പ്രാർത്ഥന."

"ഞാൻ നിങ്ങൾക്ക് എന്തു ചെയ്തു തരണം" എന്ന് സദാ ചോദിക്കുന്ന യേശുതമ്പുരാൻ. അത് നമുക്ക് ധൈര്യമാണ്. നാം ചോദിക്കുന്നത് എന്ത്, എന്തിന്, എങ്ങനെ എന്നതു നാം അറിയുന്നില്ല എന്നുള്ള കർത്തൃവാക്യം സ്മരണയിൽ വച്ചു വേണം ചോദിക്കുവാൻ. "അന്ധനോടും കർത്താവ് ചോദിക്കുന്നു "നിനക്ക് ഞാൻ എന്തു ചെയ്യണം." അവന് കാഴ്ചലബ്ധി അത്യാവശ്യമായിരുന്നു. എന്നാൽ സെബദി പുത്രന്മാരുടെ ആവശ്യം പ്രധാന സ്ഥാനമായിരുന്നു അവർ ആഗ്രഹിച്ചിരുന്നത്.

1. Prominence - കർത്താവിനോടൊപ്പം പ്രധാന സ്ഥാനം
2. Proximity - കർത്താവിന്റെ സാമീപ്യം
3. Power - കർത്താവിന്റെ രാജ്യമതിൻ അധികാരം

"അവർ ആത്മീകമായ ഒന്നുമല്ല ആവശ്യപ്പെട്ടത്, അഥവാ, ചോദിച്ച കാര്യം അവർക്കറിയാമെങ്കിൽ തന്നെ അവരുടെ കഴിവിനതീതമായ കാര്യങ്ങളാണ് അവർ ചോദിച്ചത്." - സെന്റ് ജോൺ ക്രിസോസ്റ്റം.

(2) യേശുവിന്റെ മറുപടി - ഞാൻ കുടിക്കുന്ന പാനപാത്രം, ഞാൻ ഏൽക്കുന്ന സ്നാനം

വി. മർക്കോസ് 10:38-40

യാക്കോബിന്റെയും യോഹന്നാന്റെയും ആഗ്രഹത്തിനു യേശുവിന്റെ മറുപടി. ഒരു ചോദ്യമാണ്. "ഞാൻ ഏൽക്കുന്ന സ്നാനം ഏൽപ്പാനും ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും നിങ്ങൾക്കു കഴിയുമോ?" കഴിയും എന്ന് ഉത്തരം. യഹൂദന്മാരുടെ രണ്ട് രൂപങ്ങളാണ് കർത്താവ് ഇവിടെ ഉപയോഗിക്കുന്നത്. പഴയനിയമത്തിൽ പാനപാത്രം.

1. കഷ്ടതയുടെ പ്രതീകം. യെശയ്യാവ് 51:17
2. സന്തോഷത്തിന്റെ പ്രതീകം. സങ്കീ. 23:5

"അബ്ബാ, പിതാവേ നിനക്കു എല്ലാം കഴിയും. ഈ പാനപാത്രം എങ്കൽ നിന്നു നീക്കണമേ." വി. മർക്കോസ് 14:36

ക്രൂശ് പാനപാത്രമാണ്. കാരണം സ്വമനസ്സോടെ അത് താൻ കുടിക്കുന്നതാണ്.

ക്രിസ്തുവിനായി കഷ്ടതകൾ ഏൽക്കേണ്ടിവരും. നാം തയ്യാർ ആണോ? ഇന്നിന്റെ കാലത്തിൽ ഇത്തിരി പ്രയാസമാണെന്നാണ് നമ്മുടെ ജീവിതം കൊണ്ട് മനസ്സിലാകുന്നത്. ചെറിയ പ്രതിസന്ധികൾ പോലും നേരിടുവാൻ തയ്യാറാകുന്നില്ല. ചില സത്യങ്ങളിൽ നിന്ന് ഓടിഒളിക്കുന്നു. ക്രിസ്തു യാക്കോബിനോടും യോഹന്നാനോടും ചോദിക്കുന്ന ചോദ്യം നമ്മോടും കൂടിയാണ്. ഓർക്കണം. എന്നാൽ അവരുടെ മറുപടി കഷ്ടതയുടെ പാനപാത്രം കുടിക്കുവാനും, മരണത്തിന്റെ സ്നാനം ഏൽക്കുവാനും അവർ തയ്യാറാണ് എന്നാണ്. എന്താണു നമ്മുടെ പ്രതികരണം.

"ഞാൻ എൽക്കുന്ന സ്നാനം" കർത്താവ് ഉദ്ദേശിക്കുന്നത്.

1. വിപത്തുകളുടെ പ്രളയത്തെ കുറിക്കുന്നു.

"നിന്റെ നീർച്ചാട്ടങ്ങളുടെ ഇരച്ചിലാൽ ആഴി ആഴിയെ വിളിക്കുന്നു. നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോകുന്നു." സങ്കീ. 42:7.

"ഞാൻ നിലയില്ലാത്ത ആഴമുള്ള ചേറ്റിൽ താഴുന്നു; ആഴമുള്ള വെള്ളത്തിൽ ഞാൻ മുങ്ങിപ്പോകുന്നു; പ്രവാഹങ്ങൾ എന്നെ കവിഞ്ഞൊഴുകുന്നു." സങ്കീ. 69:2.

(2) പീഡാനുഭവത്തിന്റെ പ്രതീകം

“തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു.” സങ്കീ. 116:15.

സ്നാനം മരണത്തെ കാണിക്കുന്നു.

“യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?” റോമർ 6:3

പീഢ അനുഭവിക്കുന്നതിന് ഓരോ ക്രൈസ്തവനും തയ്യാറാകണം. ചില പ്പോൾ മരിക്കേണ്ടി വരും. അത് ക്രിസ്തുവിനു വേണ്ടി ആകുമ്പോൾ വരുന്ന തലമുറയ്ക്ക് നല്ല പാഠം നൽകുന്നതിനുതകും. അവർ ഓർക്കും.

“ദൈവരാജ്യത്തിൽ അംഗീകാരം ലഭിക്കുവാനുള്ള രാജപാത ത്യാഗാത്മക മായ സേവനമാണ്.”

“ക്രിസ്തു പറഞ്ഞു ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കും, ഞാൻ ഏൽക്കുന്ന സ്നാനം നിങ്ങൾ ഏൽക്കും നിശ്ചയം.”

തുടർജീവിതത്തിൽ അത് പ്രകടമായി. ക്രിസ്തുവിന്റെ സേവനത്തിന്റെ ആശ യങ്ങൾ ഉൾകൊണ്ട് ജീവിച്ചു.

യാക്കോബ് രക്തസാക്ഷിത്വ മരണം ഏറ്റു. (അപ്പോ. പ്രവൃത്തി. 12:2)

യോഹന്നാനെ സംബന്ധിച്ച് ജീവിതത്തിലുടനീളമുള്ള ക്രിസ്തീയ ജീവിത പോരാട്ടവും സ്ഥിരമായ സംശിക്ഷണവുമായി ജീവിച്ചു. യോഹന്നാനും രക്ത സാക്ഷിയായി എന്നൊരു പാരമ്പര്യ വിശ്വാസം ഉണ്ടെങ്കിലും സ്ഥിരീകരിക്ക പ്പെട്ടിട്ടില്ല.

ക്രിസ്തു നൽകുന്ന ഉപദേശം വേദഭാഗത്തിന്റെ അവസാനഭാഗത്ത് ശ്രദ്ധേ യം. മഹാൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷക്കാരൻ ആകണം. ഒന്നാ മൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ദാസനാകണം. ഇത് വലിയ പാഠമാണ്. സ്നേഹത്തോടെ ചെയ്യുന്ന സേവനം നമ്മിൽ ഉണ്ടാകണം.

“വലിയവൻ ആഗ്രഹിക്കുന്നത് മഹത്വരമാണ്. എന്നാൽ മനുഷ്യത്വമുണ്ടാ യിരിക്കുക അതിമഹത്വരമാണ്. – Benjimin Francklin.

നിസ്വാർത്ഥ സ്നേഹത്തിലൂടെയും, ത്യാഗത്തിലൂടെയും, യാതനയിലും വേദ നയിലും ഇരിക്കുന്ന മറ്റുള്ളവരെ ശുശ്രൂഷിക്കുക. അതിലൂടെ അംഗീകാരവും മഹത്വവും ലഭിക്കും തീർച്ച.

“യഥാർത്ഥ നേതാവ് തന്റെ കീഴിലുള്ളവരുടെ ഭാരങ്ങൾ വഹിക്കുന്നവനാ ണ്.”

സേവനം മൂന്നുതലങ്ങളിൽ പ്രായോഗികമാക്കാം.

1. സഭയിൽ:- സ്ഥാനത്തിനും ബഹുമാനത്തിനും വേണ്ടിയല്ല. ക്രിസ്തുവി നെപ്പോലെ ജനങ്ങളെ സ്നേഹിക്കുവാനും സേവനം ചെയ്യുന്നതിനും.

2. കുടുംബത്തിൽ:- മാതാപിതാക്കളുടെ മഹത്വം കുട്ടികളെ സേവിക്കുന്ന തിലാണ്. കുട്ടികളുടെ മഹത്വം മാതാപിതാക്കന്മാരെ അനുസരിക്കുന്നതിലാ ണ്.

3.സമൂഹത്തിൽ:- ക്രിസ്ത്യാനിയായ നേതാവ് ജനങ്ങളുടെ ഭാരങ്ങൾ വഹി ക്കുന്നവനാകണം. സ്വന്തം സ്വാർത്ഥ ലക്ഷ്യങ്ങൾ നേടുന്നവനാകരുത്.

“പ്രാമാണ്യം മോഹിക്കുന്നത് വിജാതിയരാണ്. ഒരു നല്ല വേലയ്ക്കായുള്ള ആഗ്രഹം നല്ലതു തന്നെ. എന്നാൽ ബഹുമാനത്തിനായുള്ള പ്രധാന സ്ഥാന മോഹം അയോഗ്യമത്രെ. ഉന്നത സ്ഥാനങ്ങളിൽ നിന്നു മുഖം തിരിക്കുന്നവനെ ആ സ്ഥാനം പിന്തുടർന്നു പിടിക്കും. അതിനായി പാടുപെടുന്നവനെ അതു തിരസ്കരിക്കും.” – സെന്റ് ജോൺ ക്രിസോസ്റ്റം.

പ്രധാന പാഠങ്ങൾ

1. ദൈവഹിതത്തിന് അനുയോജ്യമായ അപേക്ഷകൾ സമർപ്പിക്കുക.

2. താഴ്മയുടെ അനുഭവം ശ്രേഷ്ഠത നൽകുന്നു.

3. സ്വാധീനത്തിനും, അധികാരത്തിനുമുള്ള അമിതാഗ്രഹം വലിയ പതന ത്തിലെ അവസാനിക്കുകയുള്ളു.

4. ശിഷ്യന്മാർ പീഢാനുഭവത്തിനു തയ്യാറായി ഗുരുവിനോടുള്ള വിശ്വസ്തത തെളിയിച്ചു.

5. ക്രിസ്തീയ ശുശ്രൂഷ സ്ഥാനമാനങ്ങൾക്കു വേണ്ടിയല്ല. ദൈവരാജ്യത്തിലെ വലിയവൻ മനുഷ്യരുടെ ഇടയിലെ പ്രവർത്തകനാണ്.

6. യേശു ക്രിസ്തീയ വിപ്ലവം പ്രഖ്യാപിക്കുന്നു. “വലിയവൻ ശുശ്രൂഷകരും നേതാവ് ദാസനുമായിരിക്കണം.

❑



കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ കാതോലിക്കാദിനപ്പിരിവ് സമാഹരണ സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ പ്രസംഗിക്കുന്നു.



സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളും: പ. കാതോലിക്കാ ബാവാ

തിരുവല്ല: പിതാക്കന്മാർ മരണത്തെ പോലും ഭയപ്പെടാതെ സംരക്ഷിച്ച സത്യവും നീതിയും തുടർന്നും സംരക്ഷിക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാ ണെന്നും ചർച്ചകളുടെ വാതിൽ തുറന്നിട്ടിരിക്കുകയാണെന്നും പരിശുദ്ധ ബസേ ലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രസ്താ വിച്ചു. കാതോലിക്കാദിന പിരിവ് സ്വീകരിക്കുന്നതിനായി നിരണം ഭദ്രാസന ആസ്ഥാനമായ ബഥനി അരമനയിൽ ചേർന്ന പ്രതിനിധികളുടെ യോഗം ഉദ് ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ ബാവ. പുതിയ യുഗത്തിൽ മാർ ത്തോമൻ പൈതൃകത്തിൽ സഞ്ചരിക്കുന്ന സഭ, സാധുജന സംരക്ഷണവും സേവന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകും.

നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ യുഹാനോൻ മാർ ക്രിസോസ്റ്റ മോസ് അധ്യക്ഷത വഹിച്ചു. ഫിനാൻസ് കമ്മിറ്റി ചെയർമാൻ യുഹാനോൻ മാർ പോളിക്കാർപ്പോസ്, വൈദിക ട്രസ്റ്റീ ഫാ ഡോ തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ഭദ്രാസന സെക്രട്ടറി ഫാ അലക്സാണ്ടർ ഏബ്രഹം എന്നിവർ പ്രസംഗിച്ചു.

“വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലൈ ത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടി ഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തു കൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തി ന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്.”

– ഡാറയിലെ യോഹന്നാൻ

Church Calendar

Feast of the Dormition of St. Mary & First Sunday after the Festival of the Dormition of St. Mary



Fr Aaron Joshua John

Feast of the Dormition of St. Mary

The Theotokos: Icon of Obedience, Vessel of Glory, and First fruits of Redemption

The Feast of the Dormition or Assumption of St. Mary, the Mother of God, is one of the most significant and profound celebrations in the life of the Church. It commemorates the "falling asleep" (Dormition) of Mary and her bodily assumption into heavenly glory. This event reveals not only the unique dignity of Mary but also the destiny that awaits all faithful who unite themselves to Christ. In today's readings, we see the mystery of God dwelling among His people, and we are reminded of the intimate relationship between God and humanity, fully realized in the person of Mary.

The Old Testament prophecies and rituals point toward the reality fulfilled in Mary, the new Ark of the Covenant, the true temple where God chose to dwell. The New Testament readings highlight Mary's obedience and faith as the model for the Church's life, especially as she is entrusted to us from the Cross. This feast is therefore a profound invitation to reflect on holiness, obedience, and the promise of eternal life.

1. Mary as the Living Temple and Ark of God's Presence

The readings before Holy Qurbana beautifully prepare us for understanding Mary's unique role as the living temple of God. In Exodus 3:1–6, Moses encounters the burning bush that is not consumed—a powerful symbol of the Virgin Mary who bore the divine presence without losing her virginity or being consumed by it. This encounter signifies the sacred mystery of God becoming man, entering into human history without destroying the human nature.

Further, Ezekiel 44:1–3 describes the eastern gate of the temple being shut, through which only the Lord may enter or leave. The Church Fathers have long interpreted this "closed gate" as a prophecy of Mary's perpetual virginity and her unique holiness as the portal through which Christ entered the world. Isaiah 45:11–19 emphasizes that God alone is the creator and sustainer of all things, and He chooses to manifest His glory through unexpected means. Mary, a humble maiden from Nazareth, was chosen to carry the fullness of divine glory within her.

In the New Testament, Hebrews 9:3–12 speaks of a sanctuary not made with human hands, but eternal. Mary embodies this sanctuary—God's true temple. Acts 7:44–53 reminds us that God does not dwell in man-made buildings, but in the faithful. Mary's body became the true temple of God, and her Dormition reveals that God's presence sanctifies human nature and calls it to eternal glory. Through Mary, we see that the divine and human can unite without confusion or division, offering hope that we too, by grace, are called to become temples of the Holy Spirit.



2. Mary's Obedience as the Model of the Church and the Believer

The Gospel readings today focus on Mary's role not only as the Mother of Jesus but also as the model disciple, the faithful believer whose obedience invites all believers into deeper communion with God. Luke 11:22–28 highlights Jesus' teaching that true blessedness comes from hearing and obeying God's word. Mary embodies this perfectly, as she accepted God's will at the Annunciation and remained steadfast throughout her life.

In Matthew 12:46–50, Jesus redefines family as those who do the will of God. Mary's faithfulness shows us that obedience to God is the true bond of spiritual kinship. She is the spiritual mother of all who seek to live according to God's plan. John 19:25–27, where Mary stands at the foot of the Cross, demonstrates the ultimate faithfulness—she does not abandon her Son in His suffering but participates in His redemptive mission, sharing in the sorrow of the Cross and the hope of Resurrection.

Acts 1:12–14 records Mary's presence with the apostles after Christ's Ascension, united in prayer and awaiting the Holy Spirit. This confirms her ongoing role in the life of the Church—as mother, intercessor, and model of

faithful perseverance. Her Dormition is thus a foretaste of the Church's destiny: to be gathered and glorified with Christ. Mary's life and assumption call us to faithfulness amid trials, and to live with hope in the promise of eternal life.

The Feast of the Dormition is a powerful reminder that holiness is both a gift and a calling. Mary's life teaches us that God's glory is made manifest not in earthly power or wealth but in humble obedience and faithfulness. Her body, assumed into heaven, shows us the destiny of all who are united to Christ—the resurrection of our bodies and eternal life with God. As we honor Mary today, we are called to reflect on our own discipleship. Are we opening our hearts to God's presence as Mary did? Are we willing to walk the path of obedience, even when it demands sacrifice?

Mary's Dormition invites us to trust God's promises fully, knowing that death is not the end but the gateway to glory. May we, like Mary, say "yes" to God's will and become living temples of the Holy Spirit. And may her prayers sustain us as we journey towards the eternal kingdom where we shall behold God face to face.

First Sunday after the Festival of the Dormition of St. Mary

From Power to Service: The Way of the Cross-Shaped Kingdom

The request of James and John in this passage is audacious, even jarring. "Grant us to sit, one at your right hand and one at your left, in your glory." It is easy to dismiss their words as selfish or prideful. But in reality, they were echoing a deeper human longing, for recognition, importance, and influence. These are not foreign to us; we too seek seats of honour, though ours may be more subtle, desires to be respected, followed, or remembered.

Yet, Jesus does not scold them outright. He redirects them. What He reveals is that in the Kingdom of God, glory is not measured by power or position, but by the capacity to suffer, to serve, and to love without reward. This teaching is not peripheral; it lies at the very heart of Christian discipleship. What James and John sought through privilege, Jesus points them toward through the cross.

1. The Baptism of Suffering, A Call to Participate, Not Possess

Jesus responds to their request not by denying the Kingdom, but by pointing to the means through which it is entered: "Can you drink the cup that I drink, or be baptized with the baptism with which I am baptized?" In Scripture, the "cup" often symbolizes a divine portion, joy, judgment, or suffering. Here, it clearly refers to His impending suffering and death. The "baptism" He speaks of is not merely a ritual, but a total immersion into suffering, obedience, and death, a foreshadowing of the Cross. In the Orthodox tradition, baptism is a participation in Christ's death and resurrection. So also, to share in His Kingdom is to share in His cross. There is no shortcut to glory. As the Church Fathers remind us, Christ's path was not triumphalism, but humility. James and John desired a throne, but Jesus offered them a chalice. This is the chalice we drink at the Divine Liturgy, the blood of Christ, which calls us not to domination but to imitation. St. Ignatius of Antioch, on his journey to martyrdom, said, "Allow me to be an imitator of the suffering of my God." This is not morbid; it is the language of love that is willing to lose in order to gain eternity.

Jesus is not calling us to heroic suffering for its own sake. He is calling us to fidelity, to stay with Him even when it costs us. This includes the rejection of pride, control, and ego. It may mean the suffering of forgiveness, the baptism of obscurity, or the cup of daily faithfulness. These are the hidden paths to the throne of the Crucified.

2. True Greatness Lies in Becoming a Servant

When the ten disciples heard what James and John had asked, they were indignant. But Jesus does not let any of them off the hook. He gathers them and utters one of the most revolutionary teachings in the Gospels: "Whoever would be great among you must be your servant… For the Son of Man came not to be served but to serve." Here Jesus contrasts two kingdoms. In the world, greatness is defined by how many people serve you. In the Kingdom, greatness is how many people you serve. The word used for servant here is *diakonos*, from which we get "deacon" not just a position, but a posture of life. And when Jesus says He came to give His life as a "ransom for many," He offers the deepest expression of this service: sacrificial love.

This is not a denial of leadership; it is its redefinition. The Orthodox understanding of episcopacy and priesthood is rooted in this servant model *leitourgos tou Christou*, the servant of Christ. The altar is not a throne, but a place of sacrifice. The vestments are not robes of honour, but signs of responsibility. Even the crown (*mitre*) worn by a bishop is the crown of thorns in disguise.

True greatness in the Church is found in mothers and fathers who quietly raise children in the faith, in those who forgive without being asked, in the monk who prays unknown to the world, in the priest who listens and weeps with his people. These are the ones who are great in the eyes of God, even if the world never sees them.

In this passage, Jesus is not merely teaching a new ethic. He is inaugurating a new order, the order of the Cross. The desire for greatness is not evil; it is simply misdirected. Jesus doesn't destroy ambition; He redeems it. He shows that the path to glory is the path of humble service, of quiet faithfulness, of self-giving love. This message is especially urgent today, when even spiritual life can become a race for visibility, authority, or legacy. The Gospel reminds us: The Kingdom belongs to the least, the last, and the lost. And it is among the humble, the poor in spirit, and those who wash feet rather than seek seats, that Christ is enthroned. So let us take up the cup of Christ, not for our own exaltation, but that we too may pour out our lives as servants of the Kingdom. The chalice we receive at the altar is both gift and calling. May we, like Christ, learn to live not to be served, but to serve.

❑



കാതോലിക്കേറ്റ് ആൻഡ് എം ഡി സ്കൂൾസ് മാനേജ്മെൻറ് ചെങ്ങന്നൂർ ക്ലസ്റ്റർ സ്കൂളുകളിലെ പ്രതിഭാ സംഗമം 'പ്രശസ്തം 2025' പുത്തൻകാവ് മെട്രോപോളിറ്റൻ ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കാതോലിക്കേറ്റ് ആൻഡ് എം. ഡി സ്കൂൾസ് മാനേജർ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

മറുപുറം

സഞ്ചാരങ്ങൾ

ഫാ. അജീഷ് ബാബു

സഞ്ചാരങ്ങൾ

അവരവരുടെ ലോകത്ത് ചുരുങ്ങാൻ ആഗ്രഹിക്കുമ്പോഴും മനുഷ്യരെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്ന ചില അടിസ്ഥാനങ്ങൾ പ്രപഞ്ചത്തിലുണ്ട്. നമ്മുടെ ശ്വാസവും നാം നടത്തുന്ന സഞ്ചാരങ്ങളുംഒക്കെ ചുരുങ്ങിയ ലോകത്താണെന്ന് നാം സ്വയം വിശ്വസിക്കുമ്പോഴും, അല്പം മിഴിപൂട്ടി ധ്യാനിച്ചാൽ അവിശ്വാസത്തിന് പുറത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നതാണ്. പരസ്പരം ശത്രുക്കളായി അരുതാത്ത വാക്കുകൾ പറയുമ്പോഴും ഒന്നോർക്കുന്നത് നല്ലതാണ്, ശത്രുവിന്റെ ശ്വാസത്തിന്റെ ബാക്കിയാണ് ഞാൻ ശ്വസിക്കുന്നതെന്ന്. രാത്രി ഉറങ്ങുമ്പോൾ മാത്രമേ ഏകനാകുകയുള്ളു കാരണം അരികിൽ കിടക്കുന്നവരെ പോലും ഉറക്കത്തിൽ നാം മറന്നുപോകും, അവർ നമ്മളെയും.

സഞ്ചാരികളുടെ പിതാവാണ് അബ്രഹാം. സഞ്ചാരിയാകുവാനുള്ള യോഗ്യത സ്വന്തം ദേശം ഉപേക്ഷിച്ചു പോവുക എന്നുള്ളതാണ്. ഒരു സഞ്ചാരിക്ക് ഒരിക്കലും സ്വന്തം ദേശം എന്ന കാഴ്ചപ്പാട് കുറവാണ്. സഞ്ചരിക്കുന്ന എല്ലായിടങ്ങളും സ്വന്തം ദേശമായി മാറുന്ന മാനസികനിലയിലേക്ക് സഞ്ചാരി മാറിക്കൊണ്ടേയിരിക്കും. സഞ്ചാരിയായി അബ്രഹാമിനോടൊപ്പം സഞ്ചാരിയായി അനുഭവപ്പെടുന്ന ദൈവത്തിന്റെ സ്വഭാവം രൂപപ്പെടുന്നു. ബഹുജാതികൾക്ക് പിതാവായി അബ്രഹാം തീരുന്നു എന്നൊക്കെ വേദം പറഞ്ഞുവെക്കുമ്പോൾ, ഒരു സഞ്ചാരിയുടെ വേഗതയ്ക്കനുസരിച്ച് ഉണ്ടാകുന്ന ഒരു മനുഷ്യനിലെ സാമൂഹ്യമായ മാറ്റത്തെയാണ് 'ബഹുജാതികൾക്ക് പിതാവ്' എന്ന പദം പ്രതിപാദിക്കുന്നത്.

'ഇതാ, ഞാൻ നിന്നോടു എന്റെ നിയമം സ്ഥാപിക്കുന്നു: നീ അനവധി ജാതികളുടെ പിതാവാകും. ഇനി നിന്നെ അബ്രാം എന്നു വിളിക്കരുത്; നിന്റെ പേർ ഇനി അബ്രഹാം ആയിരിക്കും, ഞാൻ നിന്നെ അനവധി ജാതികളുടെ പിതാവാക്കി.' (ഏലി 17:4, 5).

ബഹുജാതികളുടെ പിതാവിൽ നിന്ന് ഗോത്രപിതാവിലേക്കുള്ള ദൂരം ആത്മീയമായ ഒരു പൊരുത്തക്കേട് തന്നെയാണ്. വംശീയമായ വിചാരങ്ങൾക്ക് പുറത്തുള്ള ആത്മീയ അന്വേഷണമാണ് അബ്രഹാം ആരംഭിക്കുന്നതെങ്കിൽ പിന്നീട് സംഭവിക്കുന്നത് വംശീയ വർഗീയ ഘടനകളിലേക്ക് അബ്രഹാമിന്റെ നിലപാടിനെ മതം ഒതുക്കി. ഗോത്ര പിതാക്കന്മാരുടെ നേതാവായി സഞ്ചാരിയായ അബ്രഹാം മാറി.

അബ്രഹാമിന്റെ സഞ്ചാരാദ്ധ്യാത്മികതയുടെ വിശ്വാസ സത്യങ്ങൾ സഞ്ചരിക്കുന്ന ദൈവത്തിൽ കേന്ദ്രീകരിച്ചെങ്കിൽ ചരിത്രത്തിൽ പിന്നീടുണ്ടാകുന്ന ഗോത്രപിതാക്കന്മാരുടെ ദൈവാനുഭവങ്ങളുടെ ഏറ്റുപാടലോടുകൂടി സഞ്ചാരിയായ ദൈവത്തെ യെരുശലേമിൽ കുടിയിരുത്തി. യെരുശലേമിൽ കേന്ദ്രീകൃതമായ മത യാഥാസ്ഥിതിത്വത്തിൽ പിൽക്കാലത്ത് ദൈവത്തിന്റെ പുത്രനെ പോലും തിരിച്ചറിയാതെ അവർ ക്രൂശിച്ചു.

ഗോത്രപിതാക്കന്മാരുടെ ആത്മീയതയ്ക്ക് പുറത്ത് സഞ്ചാരിയായ ദൈവത്തെ കാണുവാൻ ജൂത മതജീവിതം ഒട്ടും ഇഷ്ടപ്പെടുന്നില്ല.

സഞ്ചാരിക്ക് കൂട്ട്:

സഹോദര പുത്രൻ ലോത്ത് സഞ്ചാരിയായ അബ്രഹാമിന് കൂട്ടാണ്. യാത്ര ആരംഭിക്കുമ്പോൾ അബ്രഹാമിലോത്തും തമ്മിലുള്ള ബന്ധം, അത് അബ്രഹാമിന്റെ നയനിലപാടുകളെ ലോത്ത് അത്രമാത്രം ഇഷ്ടപ്പെട്ടിരുന്നു. വളർന്നു വന്ന ദേശവും വളർത്തിയ ഭവനവും അബ്രഹാമിന്റെ നിലപാടിനനുസരിച്ച് ഉപേക്ഷിക്കാൻ ലോത്ത് തയ്യാറാകണമെങ്കിൽ അബ്രഹാമിന്റെ വ്യക്തിത്വത്തെ, നിലപാടിനെ ലോത്ത് അത്രമേൽ സ്നേഹിച്ചു പോയി. സഞ്ചാരിയായ ദൈവവും സഞ്ചാരിയായ അബ്രഹാമും സഞ്ചാരിയായ ലോത്തും.

യാത്രയിലെല്ലാം അബ്രഹാം ഒരു സഞ്ചാരിയുടെ സ്വഭാവം നിലനിർത്തുന്നുണ്ട് അതുകൊണ്ടാണ് തനിക്കുള്ള ഉള്ളത് ലോത്തുമായി പങ്കുവെക്കുന്നത്.

അടിമകളെ പങ്കിട്ടതിനെക്കുറിച്ച് 'കറ' എന്ന നോവലിൽ സാറാ ജോസഫ് വിവരിക്കുന്നത്,

'ഈജിപ്തുകാർ അബ്രാമിന്റെ അടിമകളായിരുന്നു. തന്റെ സഹോദര പുത്രനായ ലോത്തിന്, അബ്രാം സമ്മാനിച്ചതാണ് അവരെ. പിന്നീട് ലോത്തിന്റെ ഏറ്റവും വിശ്വസ്ത ദാസന്മാരായിത്തീർന്നു അവർ'. സാങ്കല്പിക നിലപാടുകളിൽ ആയിരിക്കാം എഴുത്തുകാരി ഇത് പറയുന്നത്. പക്ഷേ ലോകത്തിന്



ഭൂപ്രകൃതി തിരഞ്ഞെടുക്കുവാൻ അവസരം ഉണ്ടാകുമ്പോൾ അബ്രഹാം ലോത്തിനാണ് മുന്നേ അവസരം നൽകുന്നത്.

ഭൂപ്രകൃതിയെ കണ്ട് ലോത്ത് തന്റെ യാത്രാവസാനിപ്പിച്ചെങ്കിൽ സഞ്ചാരിയുടെ നിലപാടുകളിൽ നിന്ന് ലോത്ത് പുറത്തുപോവുകയാണ്. ഇനിലോത്ത് സഞ്ചാരി അല്ല.

അബ്രഹാമിന്റെ യാത്രയിൽ സഞ്ചാരിയായ ദൈവമാണ് കൂട്ട്.

ആനന്ദിന്റെ 'സഞ്ചാരങ്ങൾ' എന്ന കഥയിലെ ഒരു ഭാഗത്ത്,

എന്നും രാവിലെ പ്രാതൽ കഴിഞ്ഞ് ഒരു ഓട്ടോ പിടിച്ച് അയാൾ റെയിൽവേ സ്റ്റേഷനിൽ വരുന്നു. അവിടെനിന്ന് ഒരു വണ്ടി പിടിച്ച് ഷൊർണൂരിലേക്കു പോകുന്നു. ഷൊർണൂരിൽ ഇറങ്ങി ഹോട്ടലിൽനിന്ന് ഊണു കഴിക്കുന്നു. പിന്നീട് ഒരു വണ്ടി പിടിച്ച് എറണാകുളത്തേക്ക് പോകുന്നു. വൈകുന്നേരം അവിടെനിന്ന് ചായ കുടിച്ച് വേറൊരു വണ്ടിയിൽ കയറി തുടക്കസ്ഥാനത്തേക്കു മടങ്ങുന്നു. എല്ലാ യാത്ര കൾക്കും സീസൺ ടിക്കറ്റ് എടുത്തിട്ടുണ്ട്. വീട്ടിൽ മടങ്ങിയെത്തി വേലക്കാരി ഉണ്ടാക്കിവെച്ച ഭക്ഷണം കഴിച്ച് ഉറങ്ങുന്നു. കൊല്ലങ്ങളായി ഈ

പതിവ് തുടരുന്നു, അപൂർവ്വമായേ അത് മുടങ്ങാറുള്ളു. മാഷക്ക് ദുശ്ശീലങ്ങളൊന്നുമില്ല. മദ്യപാനം, പുകവലി ഒന്നും. മതവിശ്വാസം അത്യാവശ്യത്തിനു മാത്രം. പള്ളിയിൽ പോക്കും പ്രാർത്ഥനയും ചുരുക്കം. എന്നാൽ ഒരു കാര്യം ധാരാളമുണ്ട്; സൗഹൃദം. വിശേഷിച്ചും വണ്ടിയിലെ യാത്രക്കാരുമായി. ജോലിക്കും ബിസിനസ്സിനുമായി പതിവ് യാത്രക്കാർ ധാരാളമുണ്ട്. ഇത് എനിക്ക് പ്ലാറ്റ്ഫോമിൽ അയാളെ അഭിവാദ്യം ചെയ്തുകൊണ്ട് കടന്നുപോകുന്നവരിൽ നിന്ന് മനസ്സിലായി.

'തീവണ്ടിയിലെ യാത്രക്കാർ, സ്റ്റേഷനുകളിലെ സ്റ്റാഫ്, ഹോട്ടലുകളിലെ ജോലിക്കാർ, എല്ലാവരും എന്റെ സുഹൃത്തുക്കളാണ്," അയാൾ പറഞ്ഞു: "എനിക്ക് ഇരിക്കുവാൻ ഇടം എല്ലാവരും തരും. നിന്ന് യാത്ര ചെയ്യേണ്ടി വരാറില്ല. എന്നെ ലോകവുമായി ബന്ധിക്കുന്നത് അവരാണ്. രാത്രി ഉറങ്ങുമ്പോൾ മാത്രമേ ഞാൻ ഏകനാകുകയുള്ളു.

❑



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപെടുന്ന നിറവ് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റിന്റെ പ്രവർത്തനം ബഥേൽ അരമനയിൽ ആരംഭിച്ചു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഉൽഘാടനം നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, നിറവ് കോ ഓർഡിനേറ്റർ ഫാ. റോബിൻ കെ. മാത്യു, ഫാ. സി. കെ. ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസന കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. ശുദ്ധമായ വെളിച്ചെണ്ണയിൽ തയ്യാറാക്കിയ രുചികരമായ നാടൻ പലഹാരങ്ങൾ ഓർഡർ അനുസരിച്ചും അല്ലാതെയും ആളുകളിലേക്ക് എത്തിക്കുന്ന ഫുഡ് പ്രോസസ്സിംഗ് പദ്ധതിയാണ് നിറവ്.





ഇടവകകളിൽ മുതിർന്നവർക്കുള്ള പകൽവീടുകൾ രൂപപ്പെടണം: പരിശുദ്ധ കാതോലിക്കാ ബാവാ

സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രഥമ കേന്ദ്ര കമ്മിറ്റി യോഗം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മുതിർന്ന പൗരന്മാർ സഭയുടെ മാതൃകാ ഉപദേശകസമൂഹമായി വർത്തിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. 60 വയസിന് മുകളിൽ പ്രായമുള്ള സഭാംഗങ്ങൾക്കായി രൂപീകരിച്ച സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രഥമ കേന്ദ്ര കമ്മിറ്റിയോഗം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ. പിതാവ്. മുതിർന്ന തലമുറയ്ക്ക് ഒത്തുകൂടുന്നതിനായി എല്ലാ ഇടവകകളിലും പകൽവീടുകൾ രൂപപ്പെടണം. വാർദ്ധക്യകാലത്തും ഊർജ്ജസ്വലരാകാൻ ഇത്തരം കൂട്ടായ്മകളിലൂടെ കഴിയും. സഭയിലെ കാരണവൻമാരുടെ സമൂഹമാണ് S.J.O.F. ആഴമേറിയ അനുഭവസമ്പത്തുള്ള മുതിർന്നവരുടെ അനുഭവജ്ഞാനം പ്രയോജനപ്പെടുത്തണം.തിരുത്തൽശക്തിയായി നിലകൊള്ളാൻ മുതിർന്നവരുടെ സംഘടനയ്ക്ക് കഴിയട്ടെയെന്നും പരിശുദ്ധ കാതോലിക്കാ ബാവാ ആശംസിച്ചു.

സഭയുടെ എല്ലാ ഇടവകകളിലും S.J.O.F യൂണിറ്റുകൾ തുടങ്ങും. വാർദ്ധക്യകാല ആരോഗ്യപരിചരണം, മുതിർന്നപൗരൻമാർക്ക് മനശാസ്ത്ര - കൗൺസിലിങ് ക്ലാസുകൾ, നിയമസാക്ഷരത, വിരമിച്ച അധ്യാപകരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ തുടങ്ങി ക്രിയാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കാൻ കേന്ദ്ര കമ്മിറ്റിയോഗം തീരുമാനിച്ചു. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഡോ.മാത്യു പി ജോസഫ് സ്വാഗതം ആശംസിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. സി.എ ഐസക് പ്രവർത്തന മാർഗരേഖ അവതരിപ്പിച്ചു. കേന്ദ്ര ട്രഷറാറായി ജോർജ് ടി പോളിനെയും. ഓഡിറ്റർമാരായി ജോർജി നൈനാൻ, ഏബ്രഹാം മാത്യു വീരപ്പള്ളി എന്നിവരെയും തെരഞ്ഞെടുത്തു. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള കേന്ദ്ര പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.



Recanalise 2025: Advanced Heart Care

Parumala Hospital hosted Recanalise 2025, a special workshop focused on treating one of the most challenging heart conditions — Chronic Total Occlusion (CTO). A CTO occurs when one of the heart's blood vessels is completely blocked for a long time, restricting blood flow to parts of the heart. Treating it requires advanced skills, precision and experience.





കുടുംബങ്ങളിൽ പ്രാർത്ഥനായോഗങ്ങൾ നടത്തണം: ഡോ. ഏബ്രഹാം മാർ സെറാഫിം

തുമ്പമൺ: കുടുംബങ്ങൾ പ്രാർത്ഥനായോഗ കേന്ദ്ര സ്ഥാനമായി പരിണമിക്കണമെന്നും കുടുംബങ്ങളിൽ അംഗങ്ങൾ ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുന്ന രീതി പുനർജനിക്കണമെന്നും സമൂഹത്തിൽ പ്രാർത്ഥിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരണമെന്നും ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ പറഞ്ഞു.

അഖില മലങ്കര പ്രാർത്ഥനായോഗം സൗത്ത്- സെൻട്രൽ സോൺ വാർഷിക സമ്മേളനം തുമ്പമൺ സെന്റ് മേരിസ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്താ.

അഖിലമലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ ഫാദർ ബിജു മാത്യു പ്രക്കാനം ഫാദർ മത്തായി കുന്നിൽ, ഫാദർ ജിജി സാമുവൽ, ഫാദർ ലിജിൻ എബ്രഹാം, ഫാദർ പ്രവീൺ മാത്യു, ഫാദർ അജു ഫിലിപ്പ്, ഫാദർ ജോൺ ചാക്കോ, മാത്യു എബ്രഹാം, ഐസക് തോമസ്, രഞ്ജി ജോർജ്, പി. സി. ജോസ്, സജു ജോർജ് കുമ്പഴ, വി. ജി. ഷാജി, ജോൺ കെ. മാത്യു, കെ. ബി. മാത്യു എന്നിവർ പ്രസംഗിച്ചു.



ലോക അവയവദാന ദിനത്തോടനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മീഡിയയായ കാതോലിക്കേറ്റ് ഓൺലൈൻ മീഡിയയുടെ നേതൃത്വത്തിൽ പുതുപ്പള്ളി പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയുടെയും സഹോദരൻ പദ്ധതിയുടെയും സഹകരണത്തോടെ പുതുപ്പള്ളി ജോർജിയൻ പബ്ലിക് സ്കൂളിൽ അവയവദാന ദിനം ആചരിച്ചു. പാറേട്ട് ഹോസ്പിറ്റൽ സർജൻ ഡോ. ജോസഫ് മാണി മുഖ്യ പ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പാൾ അന്നാ വർഗീസ്, ഓൺലൈൻ മീഡിയ മാനേജർ ഫാ. ഷിബു ടോം വർഗീസ്, സ്കൂൾ ഡയറക്ടർ ജെയിംസ് കുട്ടി പി ചാക്കോ, നഴ്സിംഗ് സുപ്രണ്ട് ലൈല പീറ്റർ എന്നിവർ പ്രസംഗിച്ചു.

ഫാ. പി. കെ ജോർജ് പുത്തേത്തുകുടി അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദീകനും, കരിപ്പക്കുന്ന് മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗവുമായ ഫാ. പി. കെ ജോർജ് പുത്തേത്തുകുടി അന്തരിച്ചു. സംസ്ക്കാരം പിന്നീട്.

